www.societytodaynews.com

2024 OCTOBER
19
SATURDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# ദുരന്തനിവാരണ സഹായം കേരളത്തിന് 782.99 കോടി അനുവദിച്ച് കേന്ദ്രം

**കൊച്ചി:** കേരളത്തിന് ദുരന്തനിവാരണ സഹായമായി 782.99 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ സഹായധനം സംബന്ധിച്ച കേസ് പരിഗണിക്കുകയായിരുന്നു ജസ്റ്റിസ് എ.കെ. ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് വി.എം. ശ്യാം കുമാർ എന്നിവരടങ്ങിയ ബെഞ്ച്.



ദുരന്തബാധിതരെ സഹായിക്കുന്നതിനായി എസ്ഡിആർഫിനു കീഴിൽ 202425 വർഷത്തേക്ക് 388 കോടി രൂപ അനുവദിച്ചു. (കേന്ദ്ര വിഹിതമായി 291.20 കോടി, സംസ്ഥാന വിഹിതമായി 96.80 കോടി).

ഉരുൾപൊട്ടലിനെത്തുടർന്ന്, എസ്ഡിആർഎഫിന്റെ കേന്ദ്ര വിഹിതത്തിന്റെ രണ്ട് ഗഡുക്കളും മുൻകൂറായി കേന്ദ്ര സർക്കാർ അനുവദിച്ചു. ജൂലൈ 31നും ഒക്ടോബർ ഒന്നിനും 145.60 കോടി വീതം (291.20 കോടി രൂപ). കൂടുതൽ സഹായം ആവശ്യപ്പെട്ട് സംസ്ഥാനത്തിന്റെ വിശദമായ മെമ്മോറാണ്ടം ലഭിച്ചാൽ പരിഗണിക്കുമെന്നും കേന്ദ്ര സർക്കാരിന് വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ എആർ എൽ സുന്ദരേശൻ വ്യക്തമാക്കി.

ദുരിതമനുഭവിക്കുന്നവരുടെ പുനരധിവാസത്തിന് സംസ്ഥാന ദുരന്ത നിവാരണ നിധിയിലേക്ക് (എസ്ഡിആർഎഫ്) അനുവദിക്കുന്ന പതിവ് ഫണ്ടിന് പുറമെ കേന്ദ്രസർക്കാരിൽ നിന്ന് പ്രത്യേക ധനസഹായം വേണമെന്ന് സംസ്ഥാന സർക്കാരിനു വേണ്ടി അഡ്വക്കേറ്റ് ജനറൽ കെ . ഗോപാലകൃഷ്ണക്കുറുപ്പ് ആവശ്യപ്പെട്ടു. ഉരുൾപൊട്ടലിനെ തുടർന്ന് ഹൈക്കോടതി സ്വമേധയാ കേസെടുക്കുകയായിരുന്നു. ഹർജി അടുത്ത വെള്ളിയാഴ്ച വീണ്ടും പരിഗണിക്കും.



# ഗവൺമെൻറ് ഗസ്റ്റ് ഹൗസുകളുടെ വാടക കൂട്ടി

**തിരുവനന്തപുരം:** ടൂറിസം വകുപ്പിനു കീഴിലുള്ള സംസ്ഥാനത്തെ സർക്കാർ അതിഥി മന്ദിരങ്ങളുടെ വാടക വർധിപ്പിച്ചു. ഒരോയിടത്തും എസി മുറിയുടെ നിരക്കിൽ 800 രൂപ മുതൽ 1200 രൂപയിലധികം വർധനവാണ് വരുത്തിയിരിക്കുന്നത്. നവംബർ ഒന്നുമുതൽ നിരക്ക് വർധന നിലവിൽവരും.

എസി സിംഗിൾ മുറിയുടെ നിരക്ക് 700 രൂപയിൽ നിന്ന് 1200 രൂപയായും എസി ഡബിൾ റൂമിൻറെ നിരക്ക് 1000 രൂപയിൽ നിന്ന് 1800 രൂപയായും എസി സ്യൂട്ട് മുറിയുടെ നിരക്ക് 2000 രൂപയിൽ നിന്ന് 3300 രൂപയായും വർധിപ്പിച്ചിട്ടുണ്ട്.

എന്നാൽ, ഓരോ സ്ഥലത്തെയും ഗസ്റ്റ് ഹൗസുകളിലെ നിരക്ക് വർധനവിലും വ്യത്യാസമുണ്ട്. നവീകരണത്തിനുശേഷമാണ് വാടക വർധിപ്പിച്ചതെന്നാണ് ടൂറിസം വകുപ്പിൻറെ വിശദീകരണം. 2013നുശേഷം ഗസ്റ്റ് ഹൗസുകളുടെയും യാത്രി നിവാസുകളുടെയും കോൺഫറൻസ് ഹാളുകളുടെയും കേരള ഹൗസുകളുടെയും നിരക്ക് പുനക്രമീകരിച്ചിട്ടില്ലെന്നും വിശദീകരണം.

ടൂറിസം വകുപ്പിനു കീഴിലുള്ള സംസ്ഥാനത്തെ അതിഥി മന്ദിരങ്ങളുടെ വാടക വർധിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് ഡയറക്ടർ നൽകി ശുപാർശ പ്രത്യേക സമിതി പരിഗണിച്ചശേഷമാണ് നിരക്ക് വർധിപ്പിച്ച് ഉത്തരവിറക്കിയത്. കോഴിക്കോട് സർക്കാർ ഗസ്റ്റ് ഹൗസ് ഒഴികെയുള്ള സംസ്ഥാനത്തെ മറ്റു സർക്കാർ ഗസ്റ്റ് ഹൗസുകളിലെയും യാത്രി നിവാസുകളുടെയും കേരള ഹൗസുകളുടെയും നിരക്കിലാണ് മാറ്റം വരുത്തിയത്.

# സെപ്റ്റംബറിൽ നാണയപ്പെരുപ്പം കുതിച്ചുയർന്നു



**ന്യൂഡൽഹി:** ഓഗസ്റ്റിൽ 3.65 ശതമാനമായിരുന്ന ചില്ലറ വ്യാപാര നാണയപ്പെരുപ്പം സെപ്റ്റംബറിൽ 5.49 ശതമാനമായി കുതിച്ചുയർന്നു. ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റമാണ് ഉപഭോക്തൃ വില സൂചികയിൽ ഗണ്യമായ വർധനയ്ക്കു കാരണമായത്. 2023 സെപ്റ്റംബറിൽ ഇത് 5.02 ശതമാനമായിരുന്നു.

ഭക്ഷ്യവസ്തുക്കൾ മാത്രം കണക്കിലെടുത്താൽ ഓഗസ്റ്റിൽ 6.62 ശതമാനത്തിൽ നിന്ന് 9.24 ശതമാനമായാണ് വളർന്നിരിക്കുന്നത്. ഉപഭോക്തൃ ഭക്ഷ്യ വില സൂചികയിലെ (ഇഎജക) ഈ വർധന ഗ്രാമ പ്രദേശങ്ങൾ മാത്രം കണക്കിലെടുത്താൽ 9.08 ശതമാനവും നഗര മേഖലകളിൽ 9.56 ശതമാനവുമാണ്.

ചില്ലറ വ്യാപാര നാണയപ്പെരുപ്പം നാല് ശതമാനത്തിൽ നിയന്ത്രിച്ചു നിർത്തുക എന്നതാണ് റിസർവ് ബാങ്കിനെ കേന്ദ്ര സർക്കാർ ഏൽപ്പിച്ചിരിക്കുന്ന ദൗത്യം. ഇതിൽ രണ്ട് ശതമാനം വരെ കൂടുതലോ കുറവോ വരാം.

അതേസമയം, ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം എന്ന നിലയിൽ സാധാരണക്കാരെ നേരിട്ടു ബാധിക്കുന്നതാണ് സൂചികയിൽ ഇപ്പോൾ കാണുന്ന വർധന. അവശ്യ വസ്തുക്കൾക്ക് വില കൂടുന്നത് കുടുംബങ്ങൾക്കു മേലുള്ള സാമ്പത്തിക സമ്മർദം വർധിപ്പിക്കും.



# ക്രഡിറ്റ് കാർഡിന് അധിക തുക ഈടാക്കി, ആർബിഎൽ ബാങ്കിന് 1.2 ലക്ഷം രൂപ പിഴ വിധിച്ച് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

**കൊച്ചി:**ഹിഡൻ ചാർജുകളോ വാർഷിക ചാർജുകളോ ഉണ്ടാവില്ല എന്ന ഉറപ്പിൽ ക്രെഡിറ്റ് കാർഡ് വിൽപ്പന നടത്തി, വാഗ്ദാന ലംഘനം നടത്തിയ ബാങ്കിന്റെ നടപടി അധാർമിക വ്യാപാര രീതിയാണെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

എറണാകുളം കൂവപ്പടി സ്വദേശി അരുൺ എം ആർ, മഹാരാഷ്ട്ര ആസ്ഥാനമായി പ്രവർത്തിക്കുന്ന ഞആഘ ആമിസ ന് എതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

ഹിഡൻ ചാർജുകളോ വാർഷിക ചാർജുകളോ ഉണ്ടാവില്ല എന്ന ഉറപ്പിലാണ് പരാതിക്കാരൻ ക്രെഡിറ്റ് കാർഡ് എടുത്തത്. കാർഡ് ലഭിച്ചതിന് ശേഷം അമ്പതിനായിരം രൂപ കാർഡ് വഴി പെട്രോൾ പമ്പിൽ ഉപയോഗിച്ചു. 40 ദിവസം കഴിഞ്ഞിട്ടും പെയ്മെന്റ് അടക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സന്ദേശവും പരാതിക്കാരനു ബാങ്കിൽ നിന്നു ലഭിച്ചില്ല. ഫോൺ മുഖേന ബന്ധപ്പെടാൻ ശ്രമിച്ചിട്ടും മറുപടിയില്ല. തുടർന്ന് ക്രെഡിറ്റ് കാർഡ് അക്കൗണ്ട് ക്ലോസ് ചെയ്യാൻ പരാതിക്കാരൻ തീരുമാനിച്ചു.

അന്വേഷിച്ചപ്പോൾ 50,590 രൂപ നൽകാനാണ് നിർദ്ദേശിച്ചത്. ആ തുക ഫോൺ പേ മുഖേന പരാതിക്കാൻ നൽകുകയും ചെയ്തു.

എന്നാൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് വീണ്ടും 4,718 രൂപ കൂടി നൽകണമെന്ന് ബാങ്ക് ആവശ്യപ്പെട്ടു. പിന്നീട് അത് 13,153 രൂപയായി വർദ്ധിപ്പിച്ചു. അതിന് ശേഷം, അഭിഭാഷകൻ മുഖേന ബാങ്ക് അയച്ച നോട്ടീസിൽ 14,859 രൂപ നൽകണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ,നോട്ടീസിൽ പരാമർശിക്കുന്ന നമ്പർ ക്രെഡിറ്റ് കാർഡ് തനിക്കു നൽകിയിട്ടില്ല എന്നാണ് പരാതിക്കാരൻ കോടതി മുമ്പാകെ ബോധിപ്പിച്ചത്.

സിബിൽ സ്കോർ 760ൽ നിന്നും 390 ആയി കുറഞ്ഞു. ഇതുമൂലം ബാങ്കുകൾ തനിക്ക് വായ്പ നിഷേധിച്ചു. ഈ സാഹചര്യത്തിലാണ് നഷ്ടപരിഹാരം ആവശ്യപ്പെട്ട് പരാതിക്കാരൻ കോടതിയെ സമീപിച്ചത്.

ഇടപാടുകളിൽ സുതാര്യതയും വിശ്വസ്തതയും വാഗ്ദാനം ചെയ്യുന്ന ധനകാര്യ സ്ഥാപനങ്ങളിൽ ചിലത് പിന്നീട് ഉപഭോക്താക്കളെ കബളിപ്പിക്കുകയും അവരുടെ മനസ്സമാധാനം ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത് സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയും ആയതിനാൽ നഷ്ടപരിഹാരം നൽകാൻ അത്തരം ബാങ്കുകൾക്ക് ബാധ്യതയുണ്ടെന്നും ഡിബി ബിനു അധ്യക്ഷനും, വി രാമചന്ദ്രൻ, ടി.എൻ.ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് വ്യക്തമാക്കി.

സിബിൽ സ്കോറിൽ വീഴ്ച വരുത്തിയവരുടെ പട്ടികയിൽ നിന്നും പരാതിക്കാരന്റെ പേര് ഉടനടി നീക്കം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും കൂടാതെ, ഒരു ലക്ഷം രൂപ നഷ്ടപരിഹാരവും 10,000 രൂപ കോടതി ചെലവും പരാതിക്കാരന് നൽകണമെന്ന് എതിർകക്ഷിയായ ബാങ്കിന് ഉത്തരവ് നൽകി. പരാതിക്കാരന് വേണ്ടി അഡ്വ. ടോം ജോസഫ് കോളേജിൽ ഹാജരായി




# അരവിന്ദം നാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവലിന്റെ പോസ്റ്റർ പ്രകാശനം ചെയ്തു

**കൊച്ചി:** ഭാരതത്തിലെ ഏറ്റവും മികച്ച സമ്മാനത്തുകയുള്ള ചെറു ഫിലിം മേളകളിലൊന്നായ 'അരവിന്ദം നാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ' പോസ്റ്റർ പ്രകാശനം പ്രശസ്ത സംവിധായകൻ ഷാജി കൈലാസ് നിർവ്വഹിച്ചു. കോട്ടയത്ത് വച്ചാണ് അടുത്ത വർഷം മാർച്ച് 14, 15, 16 തീയതികളിൽ ദേശീയ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ നടക്കുന്നത്. തമ്പ് ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിലാണ് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. പ്രമുഖ സിനിമാ സംവിധായകനായ ജി. അരവിന്ദന്റെ ഓർമ്മയ്ക്കായി 'അരവിന്ദം' എന്നു പേരിട്ട നാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ.

ഒരു ലക്ഷം രൂപ വീതം സമ്മാനത്തുകയും മെമന്റോയും ഉള്ള പൊതു വിഭാഗമായും അര ലക്ഷം വീതം സമ്മാനത്തുകയുള്ള ക്യാമ്പസ് വിഭാഗമായും, രണ്ട് വിഭാഗങ്ങളായിട്ടാണ് പുരസ്കാരങ്ങൾ. മികച്ച ചിത്രം, മികച്ച നടൻ, മികച്ച നടി, സംവിധായകൻ, സിനിമോട്ടോഗ്രഫി, തിരക്കഥ, എന്നിവയ്ക്ക് പൊതുവിഭാഗത്തിലും കാമ്പസ് വിഭാഗത്തിലും പുരസ്കാരങ്ങൾ നൽകും. കൂടാതെ നൽകിയിട്ടുള്ള വിഷയങ്ങൾ അടിസ്ഥാനമാക്കി ചിത്രീകരിച്ച ഒരു മികച്ച ചിത്രത്തിനും പുരസ്കാരമുണ്ടായിരിക്കും. അരവിന്ദം ഷോർട്ട് ഫിലിം ഫെസ്റ്റിവലിൽ പ്രദർശനത്തിന് തെരഞ്ഞെടുക്കപ്പെട്ട ചിത്രങ്ങൾക്ക് പതിനായിരം രൂപ ക്യാഷ് അവാർഡും മൊമന്റോയും ഉണ്ടായിരിക്കും.

2024 ജനുവരി ഒന്നു മുതൽ ഡിസംബർ 30 വരെ പൂർത്തീകരിച്ചതോ റിലീസ് ചെയ്തതോ അല്ലാത്തതോ ആയ മുപ്പത് മിനിട്ടിൽ താഴെയുള്ള ഷോർട്ട് ഫിലിമുകൾ ആണ് അയക്കാവുന്നത്.

കൊച്ചിയിൽ നടന്ന പരിപാടിയിൽ തമ്പ് ഫിലിം സൊസൈറ്റി ഭാരവാഹികളായ ആർ.സാനു, ഷിജു ഏബ്രഹാം, ജയകുമാർ മൂലേടം, മനു മറ്റക്കര, അനിരുദ്ധ് ഏഴാച്ചേരി, ബിബിരാജ്, രമേശ് ലക്ഷ്മൺ തുടങ്ങിയവർ പങ്കെടുത്തു. നവംബർ ഒന്ന് മുതൽ ഫിലിം ഫ്രീ വേ.കോം (filmfreeway.com) എന്ന വെബ് സൈറ്റിൽ എൻട്രികൾ സമർപ്പിക്കാവുന്നതാണെന്ന് സംഘാടകർ പറഞ്ഞു.

നവംബർ ഒന്നു മുതലാണ് പ്രവേശനം സാധ്യമാവുക. കൂടുതൽ വിവരങ്ങൾക്ക് 7012864173 ഈ നമ്പറിൽ വാട്സാപ്പ് ചെയ്യാം.

# സംസ്ഥാന കായികമേള: ഇടെൻഡർ ക്ഷണിച്ചു

**കൊച്ചി:** നവംബർ നാലു മുതൽ 11 വരെ ജില്ലയിലെ വിവിധ വേദികളിലായി നടക്കുന്ന സംസ്ഥാന കായികമേള കൊച്ചി '24 നു, സ്റ്റേജ് , പന്തൽ ലൈറ്റ് ആന്റ് സൗണ്ട് ക്രമീകരണങ്ങൾ ഒരുക്കുന്നതിനുള്ള ഇ ടെൻഡർ സർക്കാരിന്റെ ഇ ടെൻഡർ സൈറ്റിൽ ക്ഷണിച്ചു. ഒക്ടോബർ 17 ന് വൈകിട്ട് അഞ്ചു മുതൽ ടെൻഡർ സമർപ്പിക്കാം.

## യുജിസി നെറ്റ് കോച്ചിംഗ്

**കൊച്ചി:** ഐഎച്ച്ആർഡിയുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസ് അയലൂരിൽ യുജിസി നെറ്റ് ജനറൽ പേപ്പർ (പേപ്പർ 1 ) കോച്ചിംഗ് ഉടൻ ആരംഭിക്കുന്നു. താത്പര്യമുള്ളവർ കോളേജ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 9446748043 8547005029.

## സ്പോട്ട് അഡ്മിഷൻ തുടരുന്നു

**കൊച്ചി:** കളമശ്ശേരി ഗവ. വനിത ഐടിഐയിൽ റെഗുലർ കോഴ്സുകളിൽ ഇലക്ട്രോണിക്സ്, ആർക്കിടെക്ച്ചർ, സ്റ്റെനോഗ്രാഫർ ട്രേഡുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ തുടരുന്നു. താത്പര്യമുള്ളവർക്ക് ഒക്ടോബർ 30ന് മൂന്നു മണിക്കുള്ളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഓഫീസിൽ നേരിട്ട് ഹാജരായി അഡ്മിഷൻ എടുക്കാം. ഫോൺ: 0484 2544750, 8590905440.

## ആയുർവേദ കോളേജ് ആശുപത്രിയിൽ യൂറിസീമിയക്കുള്ള സൗജന്യ ചികിത്സ

**കൊച്ചി:** തെറ്റായ ജീവിതശൈലിയും ആഹാരരീതിയും മൂലമുണ്ടാകുന്ന ഹൈപ്പർയൂറിസീമിയയ്ക്കുള്ള ഫലപ്രദമായ സൗജന്യ ചികിത്സ ഗവേഷണാടിസ്ഥാനത്തിൽ തൃപ്പൂണിത്തുറ ഗവ: ആയുർവേദ കോളേജ് ആശുപത്രിയിലെ ആയുർവേദ രസശാസ്ത്ര ഭൈഷജ്യ കല്പന വിഭാഗത്തിന്റെ ഒപി യിൽ എല്ലാ തിങ്കളാഴ്ചകളിലും ലഭ്യമാണ്. പ്രായം 18 നും 70 നും മദ്ധ്യേ ആയിരിക്കണം. ഒപി സമയം തിങ്കൾ രാവിലെ എട്ടു മുതൽ ഉച്ചയ്ക്ക് ഒന്നുവരെ. ഫോൺ: 9400829878/9702659349.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കിഴിലുള്ള കോതമംഗലം (അഡിഷണൽ) ഐസിഡിഎസ് പ്രൊജക്റ്റ് ഓഫീസിലെ ഉപയോഗത്തിനായി 202425 സാമ്പത്തിക വർഷം വാഹനം വാടകയ്ക്ക് എടുക്കുന്നതിന് വ്യക്തികളിൽ നിന്ന് മുദ്രവച്ച ടൌഡറുകൾ ക്ഷണിച്ചു. ടൌഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് അഞ്ചിനും ഇടയിൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കോതമംഗലം (അഡിഷണൽ) ശിശുവികസന പദ്ധതി ഓഫീസിൽ ലഭിക്കും. (ഫോൺ 0485 2828161, 9447830178). ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി : നവംബർ ഒന്ന് ഉച്ചയ്ക്ക് രണ്ടുവരെ

# ഇന്ത്യൻ കോഫി ഹൗസ് തൊഴിലാളികളുടെ സമരം പിൻവലിച്ചു

**കൊച്ചി:** ഇന്ത്യൻ കോഫി ബോർഡ് തൊഴിലാളി സഹകരണ സംഘത്തിലെ 6 തൊഴിലാളികളെ സസ്പെൻഡ് ചെയ്ത നടപടി പിൻവലിക്കണം എന്ന് ആവശ്യപ്പെട്ട് ഇന്ത്യൻ കോഫി ഹൗസ് എംപ്ലോയീസ് യൂണിയൻ (ഇകഡഡ) നടത്തിയ അനിശ്ചിതകാല സമരം പിൗവലിച്ചു.

തൊഴിൽ വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അഡീഷണൽ ലേബർ കമ്മീഷണർ കെ.ശ്രീലാലിന്റെ അധ്യക്ഷതയിൽ എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ നടന്ന തൊഴിലുടമട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ സസ്പെൻഡ് ചെയ്ത 6 തൊഴിലാളികളെയും തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് തൊഴിലുടമ സമ്മതം അറിയിച്ചതിനെ തുടർന്നാണ് സമരം പിൻവലിച്ചത്.

യോഗത്തിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ ചുമതല വഹിക്കുന്ന പി. എം. ഫിറോസ്, ജില്ല ലേബർ ഓഫീസർ എം.എം.ജോവിൻ, ട്രേഡ് യൂണിയനെ പ്രതിനിധീകരിച്ച് സി.കെ.രാജേഷ്(ഇകഡഡ), സി.പി.അജിത് കുമാർ(ഇകഡഡ), മാനേജ്മെന്റിനെ പ്രതിനിധീകരിച്ച് ജി. ഷിബു, എസ്.എസ്. അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

# ലോകനിലവാരമുള്ള നഗരമായി കൊച്ചി വളരുന്നു : മന്ത്രി എം.ബി. രാജേഷ്

**കൊച്ചി:** ലോകനിലവാരമുള്ള നഗരമാക്കി കൊച്ചിയെ മാറ്റുന്നതിനുള്ള പ്രവർത്തന ങ്ങളാണ് പുരോഗമിക്കുന്നതെന്ന് മന്ത്രി എം.ബി. രാജേഷ്. കൊച്ചിൻ സിറ്റി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ (സിഎസ്എംഎൽ) സാമ്പത്തിക സഹായത്തോടെ ജിസിഡിഎ പൂർത്തീകരിച്ച മൂന്ന് പദ്ധതികളുടെ ഉദ്ഘാടനം കലൂർ മാർക്കറ്റ് പരിസരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. കലൂർ മാർക്കറ്റ് നവീകരണ പൂർത്തീകരണ പ്രഖ്യാപനം, കലൂർ മാർക്കറ്റ് റോഡ്, നഗരത്തിൽ അഞ്ച് ഇടങ്ങളിലായി നിർമിച്ച പൊതു ശുചിമുറി സമുച്ചയങ്ങൾ എന്നീ പദ്ധതികളുടെ ഉദ്ഘാടനമാണ് നടന്നത്.

കൊച്ചിയിൽ നിരവധി പദ്ധതികൾ നിലവിൽ യാഥാർഥ്യമായിട്ടുണ്ട്. എറണാകുളം മാർക്കറ്റിന്റെ നവീകരണം, നഗരത്തിലെ ആധുനിക വൈദ്യുതീകരണം തുടങ്ങി കൊച്ചിയിൽ നിരവധി പദ്ധതികൾ പുരോഗമിക്കുന്നു. എന്നാൽ ഇവയുടെയെല്ലാം പ്രയോജനം യഥാർഥത്തിൽ ലഭ്യമാകണമെങ്കിൽ, ലോകോത്തര നഗരമായി കൊച്ചി അവതരിപ്പിക്കണമെങ്കിൽ, ശുചിത്വ പരിപാലനവും മാലിന്യ സംസ്കരണവും ഏറെ പ്രധാനമാണ്. ശുചിത്വ പരിപാലനത്തിൽ ജനങ്ങളുടെ സഹകരണം ഉറപ്പാക്കണം. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ മനോഭാവത്തിൽ മാറ്റമുണ്ടാകണം. മനോഭാവം മാറ്റാതെ മാലിന്യം വലിച്ചെറിയുന്നവർക്കെതിരേ കർശന നടപടിയുണ്ടാകും. നഗരവികസനത്തിൽ നിർണായകമാകുന്ന പദ്ധതികളാണ് ജിസിഡിഎ പൂർത്തിയാക്കിയിരി ക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ജിസിഡിഎയും കോർപ്പറേഷനും കൈകോർത്ത് മികച്ച പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും കേരളത്തിലെ ആകെയുള്ള വികസനത്തിൽ കൊച്ചി മികച്ച സംഭാവന നൽകുന്നുണ്ടെന്നും മുഖ്യാതിഥി മന്ത്രി പി. രാജീവ് പറഞ്ഞു.

ജിസിഡിഎ ചെയർമാൻ കെ. ചന്ദ്രൻ പിള്ള ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മേയർ അഡ്വ. എം അനിൽകുമാർ സ്വാഗതം പറഞ്ഞു. ടി ജെ വിനോദ് എംഎൽഎ മുഖ്യ പ്രഭാഷണം നടത്തി. കൊച്ചി നഗരസഭ ആരോഗ്യകാര്യ വികസന സ്ഥിരം സമിതി ചെയർമാൻ ടി കെ അഷ്റഫ്, ജിസിഡിഎ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ എ.എസ് അനിൽ കുമാർ, എ.ബി സാബു, കൗൺസിലർമാരായ ആഷിത യഹിയ, രജനി മണി, ജിസിഡിഎ സെക്രട്ടറി ഇന്ദു വിജയനാഥ്, ശാന്ത വിജയൻ, ജിസിഡിഎ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഷൈബി ജോർജ്, ജിസിഡിഎ സീനിയർ ടൗൺ പ്ലാനർ എം.എം. ഷീബ തുടങ്ങിയവർ പങ്കെടുത്തു.

# കൊച്ചി നഗരവികസനത്തിൽ നിർണായകമായി മൂന്ന് പദ്ധതികൾ

**കൊച്ചി:** അത്യാധുനികകൊച്ചിക്കായി മെച്ചപ്പെട്ട ഗുണനിലവാരത്തോടെയും ആരോഗ്യകരമായ സുരക്ഷ മുൻനിർത്തിയുള്ള ശുചിയായ പരിപാലനത്തോടെയുമുള്ള പൊതു വിപണി കലൂർ മാർക്കറ്റിലൂടെ യാഥാർഥ്യമാക്കിയിരിക്കുകയാണ് ജിസിഡിഎ. മികച്ച രൂപകല്പനയിലുള്ള കലൂർ മാർക്കറ്റ് കെട്ടിടം പലവിധ കാരണങ്ങളാൽ സമ്പൂർണമായി സജ്ജമാക്കാൻ സാധിച്ചിരുന്നില്ല. നിലവിലെ നേതൃത്വത്തിന്റെ നിരന്തരഇടപെടലിലൂടെ 40000 ചതുരശ്ര അടിയോളം വിസ്തീർണമുള്ള രണ്ടുനില കെട്ടിടത്തിന്റെ നവീകരണമാണ് 5.87 കോടി രൂപയുടെ സിഎസ്എംഎൽ സഹകരണത്തോടെ പൂർത്തീകരിച്ചിട്ടുള്ളത്. ഇറച്ചി, മത്സ്യം, പഴം/പച്ചക്കറി (അനുബന്ധ ഉൽപ്പന്നങ്ങൾ/പലചരക്ക്) എന്നിങ്ങനെ ഓരോ വിഭാഗങ്ങൾക്കുമായി 6000 ചതുരശ്ര അടിയോളം വിസ്തൃതിയിൽ പ്രത്യേകം ഇടങ്ങൾ തന്നെ മാർക്കറ്റിന്റെ താഴെ നിലയിൽ ഒരുക്കിയിട്ടുണ്ട്. ഇറച്ചിയിൽ കോഴി, ആട്, മാട്, പോർക്ക് എന്നിവയുടെ വിപണനം ഉണ്ടായിരിക്കും. 84 എണ്ണം കടമുറികളുള്ള മാർക്കറ്റ് കെട്ടിടത്തിൽ വിശാലമായ സൂപ്പർമാർക്കറ്റ് സൗകര്യം, ഓപ്പൺ റെസ്റ്റോറന്റ് സൗകര്യം, വിശാലമായ പാർക്കിംഗ് സൗകര്യം, സർവീസ് ലിഫ്റ്റ്, കോണിപ്പടികൾ, മഴവെള്ള സംഭരണി, അഗ്നിശമന സജ്ജീകരണങ്ങൾ, ഫയർ ഫൈറ്റിംഗ് ടാങ്ക്, ശുചിമുറി സൗകര്യം, ഇലക്ട്രിക്കൽ റൂം, ഡ്രെയിനേജ് സംവിധാനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. മാലിന്യനിർമാർജനസംസ്കരണ പദ്ധതികളുടെ ഭാഗമായി ഉറവിടത്തിൽ തന്നെ മാലിന്യസംസ്കരണം സാധ്യമാക്കുന്നതിനായി പ്രതിദിനം 50 കിലോലിറ്റർ മലിനജല കപ്പാസിറ്റിയുള്ള ഇടിപി (ഇള്ളഹൗലിേ ൃലമോലിേ ജഹമിേ) സംവിധാനം ജിസിഡിഎ ഒരുക്കുന്നുണ്ട്. നിലവിൽ ദേശാഭിമാനി ജംഗ്ഷനു സമീപമുള്ള പഴയ മാർക്കറ്റിൽ പ്രവർത്തിക്കുന്ന വ്യാപാരികളെ കലൂർ മാർക്കറ്റിലേക്ക് പുനസ്ഥാപിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് നവീകരണം പൂർത്തീകരിച്ചിട്ടുള്ളത്.

ബാനർജി റോഡിൽ നിന്നും കലൂർ മാർക്കറ്റിലേക്കുള്ള പ്രവേശനത്തിനായി 160 മീറ്റർ നീളത്തിലും ശരാശരി 7.5 മീറ്റർ വീതിയിലുമുള്ള റോഡിന്റെ നിർമാണം പൂർത്തീകരിച്ചതാണ് മറ്റൊരു പദ്ധതി. ഇന്റർലോക്ക് ടൈലുകൾ സ്ഥാപിച്ചുകൊണ്ടുള്ള റോഡിന്റെ നിർമാണം 67 ലക്ഷത്തോളം രൂപ ചെലവഴിച്ചാണ് പൂർത്തീകരിച്ചിട്ടുള്ളത്. കലുങ്ക് നിർമാണങ്ങളും കനാലിനോട് ചേർന്ന ഫെൻസിംഗും ഈ കലൂർ മാർക്കറ്റ് റോഡ് പദ്ധതിയിൽ ഉൾപ്പെടുന്നു.

വിനോദസഞ്ചാരികൾക്കും പൊതുജനങ്ങൾക്കുമായി വൃത്തിയുള്ളതും നൂതനവുമായ ടോയ്‌ലറ്റ് സൗകര്യം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പൊതു ഇടങ്ങളിൽ നിർമിച്ചിട്ടുള്ള 5 ടോയ്‌ലറ്റ് ബ്ലോക്കുകളുടെ പൂർത്തീകരണമാണ് മറ്റൊരു പദ്ധതി. മറൈൻ ഡ്രൈവിലും കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിലും രണ്ട് വീതവും അംബേദ്കർ സ്റ്റേഡിയത്തിൽ ഒന്നും എന്നിങ്ങനെയാണ് ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമിച്ചിട്ടുള്ളത്. മറൈൻ ഡ്രൈവ്, അംബേദ്കർ സ്റ്റേഡിയം എന്നിവിടങ്ങളിൽ കഫറ്റീരിയയും ഉൾപ്പെടുന്നു. 2 കോടിയോളം രൂപയാണ് നിർമാണചെലവ്. പുരുഷന്മാർക്കും സ്ത്രീകൾക്കും ഭിന്നശേഷിയുള്ളവർക്കുമായി ആധുനിക സൗകര്യങ്ങളോടെയുള്ള നാല് ടോയ്‌ലറ്റുകളും യൂറിനലുകളും പ്രത്യേകം വാഷ് ഏരിയയും ഉൾപ്പെടുത്തിയിട്ടുണ്ട്. മറൈൻ ഡ്രൈവിലും അംബേദ്കർ സ്റ്റേഡിയത്തിലും രണ്ട് നിലകളിലായാണ് ബ്ലോക്ക് നിർമ്മിച്ചിട്ടുള്ളത്. താഴെ നിലയിൽ ടോയ്‌ലറ്റ് സൗകര്യവും മുകളിലെ നിലയിൽ കഫറ്റീരിയ സൗകര്യവും. ടോയ്‌ലറ്റ് സൗകര്യം ശുചിയായി നിലനിർത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ക്ലീനിംഗ് ഉറപ്പാക്കുന്നതിനുമായി ബങ്ക് ഏരിയ, ഡൈനിംഗ് ഏരിയ എന്നിവ കരാർ എടുക്കുന്ന വ്യക്തിക്കോ/സ്ഥാപനത്തിനോ തന്നെ ടോയ്‌ലറ്റുകളുടെ പരിപാലന ചുമതല നൽകുന്ന വിധേന ടെൻഡർ നടപടികൾ പുരോഗമിക്കുകയാണ്.

## കുണ്ടന്നൂർ തേവര പാലം നവീകരണം:മരട് നിവാസികളെ താത്കാലികമായി ടോളിൽ നിന്നൊഴിവാക്കാൻ നടപടി

**കൊച്ചി:** അറ്റകുറ്റപ്പണികൾക്കായി കുണ്ടന്നൂർ തേവര പാലം അടച്ചതിനെ തുടർന്ന് കുമ്പളം ടോൾ പ്ലാസ വഴി യാത്ര ചെയ്യേണ്ടി വരുന്ന മരട് നിവാസികളെ താത്കാലികമായി ടോളിൽ നിന്നൊഴിവാക്കാൻ ദേശീയപാത അതോറിറ്റിക്ക് നിർദേശം നൽകും.

പാലം അടച്ചതിനെ തുടർന്ന് മരട് നിവാസികൾ നേരിടുന്ന യാത്രാ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷ് വിളിച്ച യോഗത്തിലാണ് തീരുമാനം.

പശ്ചിമകൊച്ചിയിലേക്ക് പോകുന്ന മരട് നിവാസികൾ കുണ്ടന്നൂർ പാലം അടച്ചതോടെ കുമ്പളം ടോൾ പ്ലാസയിലൂടെ അരൂർ ഇടക്കൊച്ചി വഴി സഞ്ചരിക്കേണ്ടി വരും. അതിനാൽ വലിയ തുക ടോളായി നൽകേണ്ടി വരും. ഇത് കണക്കിലെടുത്ത് മരട് നഗരസഭാ നിവാസികളെ കുമ്പളം ടോളിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യമുയർ ന്നിരുന്നു. ഈ സാഹചര്യത്തിലാണ് ജില്ലാ കളക്ടർ യോഗം വിളിച്ചത്.

കുമ്പളം നിവാസികൾക്ക് നേരത്തേ ഇളവ് നൽകിയ മാതൃകയിൽ മരടിലും ടോൾ ഒഴിവാക്കാനാണ് ആവശ്യപ്പെടുക.

വാഹനത്തിന്റെ ആർസി ബുക്കിലോ അല്ലെങ്കിൽ ആധാർ കാർഡിലോ രേഖപ്പെടുത്തിയിട്ടുള്ള വിലാസം കാണിച്ച് മരട് നിവാസിയാണെന്ന് വ്യക്തമാക്കി ടോൾ കടക്കാൻ കഴിയുന്ന വിധം ക്രമീകരണമാണ് പരിഗണിക്കുന്നത്.

കഴിഞ്ഞ ചൊവ്വാഴ്ച മുതലാണ് അറ്റകുറ്റപ്പണികൾക്കായി കുണ്ടന്നൂർ, അലക്സാണ്ടർ പറമ്പിത്തറ പാലങ്ങൾ ഒരു മാസത്തേക്ക് അടച്ചത്. അറ്റകുറ്റപണികൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു.

## ജില്ലയിൽ ആടുവസന്ത നിർമാർജന യജ്ഞത്തിനു തുടക്കം

**കൊച്ചി:** ആടുവസന്ത നിർമാർജന യജ്ഞത്തിന്റെ ജില്ലാതല ഉദ്ഘാടനം എടത്തല ഗ്രാമ പഞ്ചായത്ത് ഹാളിൽ ചേർന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിജി സി കെ അദ്ധ്യക്ഷത വഹിച്ചു. അൻവർ അലി വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആടുകൾക്കുള്ള ഹെൽത്ത് കിറ്റ് വിതരണം ചെയ്തു. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് മെമ്പർ അഡ്വ റൈജ അമീർ, ബ്ലോക്ക് സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാർ അസിസ് മൂലയിൽ ബ്ലോക്ക് മെമ്പർമാരായ സുധീർ മിത്രക്കൽ, ആബിദ ഷെരീഫ്, എടത്തല ഗ്രാമ പഞ്ചായത്ത് സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ മാരായ

അസ്മ ഹംസ,സുമയ്യ സത്താർ, അജീഷ് എ എ എന്നിവർ ആശംസകൾ അറിയിച്ചു.

ജില്ലാ മൃഗസംരക്ഷണ ഓഫിസർ ഡോ ജി സജി കുമാർ മുഖ്യ പ്രഭാഷണം നടത്തി. ആടുകളെ മാരകമായി ബാധിക്കുന്ന വൈറസ് രോഗമാണ് വസന്ത.

1790 ആടുകളുള്ള എടത്തല പഞ്ചായത്തിൽ മൂന്നു സ്കാഡുകൾ 36 ദിവസം കൊണ്ടാണ് വാക്സിനേഷൻ പൂർത്തിയാക്കുന്നത്. ചടങ്ങിൽ എടത്തല ഗ്രാമ പഞ്ചായത്ത് മെമ്പർമാർ ,ചീഫ് വെറ്ററിനറി ഓഫീസർ ഡോ ബിജു ജെ ചെമ്പരത്തി, ആലുവ താലൂക്ക് കോർഡിനേറ്റർ ഡോ ജെറിൻ ഫ്രാൻസിസ്, എടത്തല വെറ്ററിനറി സർജൻ ഡോ ബബിത മാത്യു എന്നിവർ പങ്കെടുത്തു.

## പതാകദിനം 6ന്

**കൊച്ചി:** ജില്ലാ സൈനിക ബോർഡിന്റെയും ജില്ലാ സായുധസേന പതാക ദിന ഫണ്ട് കമ്മിറ്റിയുടെയും വാർഷിക മീറ്റിംഗ് നവംബർ ആറിന് രാവിലെ 11ന് കാക്കനാട് കളക്ടറേറ്റിലെ ഒന്നാം നിലയിലുള്ള സ്പാർക്ക് കോൺഫറൻസ് ഹാളിൽ ചേരും.

## റവന്യൂ ജില്ലാ കലോത്സവം വിധികർത്താകളെ ക്ഷണിച്ചു

**കൊച്ചി:**202425 വർഷത്തെ റവന്യൂ ജില്ലാ കലോത്സവത്തിന് എല്ലാ മത്സര ഇനങ്ങൾക്കും വിധികർത്താക്കളെ ക്ഷണിച്ചു. കേരള സ്കൂൾ കലോത്സവ മാന്വൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഉള്ള വിധികർത്താക്കൾ നാമനിർദേശപത്രിക ബയോഡാറ്റ , കലോത്സവ മാന്വൽ അനുബന്ധം നാല് പ്രകാരം സത്യപ്രസ്താവന, യോഗ്യത തെളിയിക്കുന്ന രേഖകൾ, മുമ്പ് ജില്ല/ സംസ്ഥാന തല കലോത്സവത്തിന് വിധികർത്താവ് ആയതിനുള്ള രേഖകൾ, ഫോൺ നമ്പർ എന്നിവ പിഡിഎഫ് ഫോർമാറ്റിൽ, നവംബർ 10ന് വൈകിട്ട് മൂന്നിനു മുമ്പായി meladde2024@gmail.com എന്ന ഇമെയിൽ ഐഡിയിൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലേക്ക് അയയ്ക്കേണ്ടതാണ്. രജിസ്ട്രേഡ് കത്തായി ലഭിക്കുന്ന പ്രോപ്പോസലുകൾ പരിഗണിക്കുന്നതല്ല. നാമനിർദേശം ലഭിച്ചവരിൽ നിന്നും സൂക്ഷ്മ പരിശോധനക്കു ശേഷം അനുയോജ്യമായവരെ കാര്യാലയത്തിൽ നിന്നും തെരഞ്ഞെടുക്കും. വിശദവിവരങ്ങൾ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ നോട്ടീസ് ബോർഡിൽ ലഭ്യമാണ്.

# മാധ്യമ സ്വാതന്ത്ര്യത്തിൽ കേരളം മുന്നിൽ :മന്ത്രി പി രാജീവ്

**കൊച്ചി:** രാജ്യത്തു മാധ്യമ സ്വാതന്ത്ര്യം ശക്തമായി നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. പാലാരിവട്ടം റിനൈ കൊളോസിയത്തിൽ കേരള പത്രപ്രവർത്തക യൂണിയൻ 60ആം പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പാരഡൈമ് ഷിഫ്റ്റ് മാധ്യമ പ്രവർത്തനത്തിൽ സംഭവിച്ചിട്ടുണ്ട്. വസ്തുതയിൽ നിന്ന് ഭാവനയിലേക്കുള്ള പരിണാമത്തിന്റെ വ്യത്യസ്ത ഘട്ടങ്ങൾ മാധ്യമ ചരിത്രത്തിൽ കാണാനാകും. വാർത്ത വസ്തുതാപരവും വിശകലനം സ്വതന്ത്രവുമാകണം. പക്ഷേ ഒരു ഘട്ടം കഴിഞ്ഞപ്പോൾ വാർത്തയും വിശകലനവും വേർതിരിച്ച് അറിയാൻ കഴിയാത്ത സ്ഥിതിയായി.

മാധ്യമങ്ങൾ വാർത്തയുടെ വിശ്വാസ്യത കാത്തു സംരക്ഷിക്കേണ്ടതുണ്ട്. മാധ്യമങ്ങൾ ജനാധിപത്യത്തിന്റെ നാലാം തൂണ് എന്നാണു പരിഗണിക്കപ്പെടുന്നത് ആ വിശ്വാസ്യത സംരക്ഷിക്കാൻ നമുക്കാകണം. സാങ്കേതികമായി വളരെയേറെ നമ്മൾ മുന്നേറിയിരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് പോലുള്ള സാങ്കേതിക വിദ്യകൾ ഉയർത്തുന്ന വെല്ലുവിളികൾ വളരെ ഗൗരവമായി കണ്ട് നേരിടാനാകണം. മാധ്യമങ്ങളുടെ വിശ്വാസ്യതയും സ്വീകാര്യതയും നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.

മാധ്യമ സ്ഥാപനങ്ങളുടെ പോളിസികൾക്കുള്ളിൽ നിന്നു വാർത്തകൾ വസ്തുതാപരമായി നൽകാൻ സാധിക്കണം.

ബ്രേക്കിംഗ് ന്യൂസിന്റെ കാലഘട്ടത്തിൽ മാധ്യമപ്രവർത്തകർ നിരവധി സമ്മർദങ്ങളിലൂടെയാണ് കടന്നു പോയി കൊണ്ടിരിക്കുന്നത്. പലപ്പോഴും റേറ്റിംഗിനായി നെഗറ്റീവ് വാർത്തകൾക്കു മുൻതൂക്കം കൊടുക്കേണ്ടി വരുന്നുണ്ട്. വൈകാരിക തലത്തിൽ നിന്നും മാറി വാർത്തയുടെ വസ്തുതയ്ക്കു മുൻതൂക്കം നൽകാൻ സാധിക്കണം. മാധ്യമ ധാർമികത, വാർത്തയുടെ വിശ്വാസ്യത,വസ്തുത ഇതിനെല്ലാം മൂല്യ ച്യുതി സംഭവിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കണം.

ഏതു വാർത്തയും വിശകലനവും പരിശോധിക്കാനും അതിനകത്തു കുറവുകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാനുമുള്ള ഒരു ക്രിയാത്മക സമീപനം സ്വീകരിക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. എന്നാൽ വിമർശനങ്ങൾ വസ്തുതാപരമായിരിക്കാനുള്ള ശ്രമവും മാധ്യമങ്ങളുടെ ഭാഗത്തു നിന്നുണ്ടാകണം. സംസ്ഥാനം സാമ്പത്തികമായി പ്രതിസന്ധി നേരിടുമ്പോഴും ഒരു തവണ പോലും പത്രപ്രവർത്തക പെൻഷൻ മുടങ്ങാതെ സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

സമസ്തമേഖലയിലും അതിവേഗത്തിൽ മാറ്റങ്ങൾ ഉണ്ടായി കൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നു പോയി കൊണ്ടിരിക്കുന്നത്. മാധ്യമ രംഗത്തും കാലാനുസൃതമായ മാറ്റങ്ങൾ കാണാനാകും.പുത്തൻ സാങ്കേതിക വിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റെലിജൻസും,ക്ലൗഡ് മീഡിയയും ഉയർത്തുന്ന വെല്ലുവിളികൾ ചെറുതല്ല ഇത് നേരിടാൻ നമുക്കാകണമെന്നും മുഖ്യ പ്രഭാഷണം നടത്തി കൊണ്ട് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. ചടങ്ങിൽ പത്രപ്രവർത്തക യൂണിയൻ പ്രസിഡന്റ് എം വി വിനീത അധ്യക്ഷയായി,ഹൈബി ഈഡൻ എം പി, കേരള സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി പ്രൊഫ കെ വി തോമസ്, ബി ജെ പി സംസ്ഥാന ജനറൽ സെക്രട്ടറി എ എൻ രാധാകൃഷ്ണൻ, മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു, കേരള പത്രപ്രവർത്തക യൂണിയൻ ജനറൽ സെക്രട്ടറി ആർ കിരൺ ബാബു, ട്രഷറർ സുരേഷ് വെള്ളിമംഗലം,സംഘാടക സമിതി വർക്കിംഗ് ചെയർമാൻ ആർ ഗോപകുമാർ,ജനറൽ കൺവീനർ എം ഷജിൽ കുമാർ, എന്നിവർ പങ്കെടുത്തു.

ഇന്ന് (19) രാവിലെ 10 ന് സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.



## നനിറച്ചാർത്ത് ജലച്ഛായ ചിത്രപ്രദർശനം തുടങ്ങി

**കൊച്ചി:** 23വരെ ഫോർട്ട്കൊച്ചിയിലെ ചരിത്രപ്രസിദ്ധമായ ഡേവിഡ് ഹാളിൽ പതിനഞ്ചോളം കലാകാരികളുടെ സർഗ്ഗാത്മകമായ ആവിഷ്കാരങ്ങൾ സമ്മേളിക്കുന്ന നിറച്ചാർത്ത് എന്ന തനത് ജലച്ഛായ ചിത്രപ്രദർശനം നടക്കും. ബിസിനസ്സ്, ഹെൽത്ത്കെയർ, റിട്ടയേർഡ് ലൈഫ്, ചിത്രകലാ അദ്ധ്യാപകർ എന്നിങ്ങനെ വൈവിധ്യമാർന്ന പ്രൊഫഷണൽ പശ്ചാത്തലങ്ങളിൽ നിന്നുള്ള ഈ വ്യക്തികൾ കലാരംഗത്തും ജീവിതത്തിലും ശ്രദ്ധേയമായ മുന്നേറ്റം നടത്തിയവരാണ് , ആദ്യമായി സൃഷ്ടികൾ പ്രദർശിപ്പിക്കുന്നവർ മുതൽ അന്താരാഷ്ട്ര തലത്തിൽ പ്രദർശനം നടത്തുന്ന കലാകാരന്മാർ അടങ്ങുന്നതാണ് നിറച്ചാർത്ത്.

ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്ന് കലയിലേക്ക് തിരിഞ്ഞ ഈ കലാകാരന്മാരുടെ വൈവിധ്യമാർന്ന യാത്രകളെ ആഘോഷിക്കുന്ന ഒരു ഊർജ്ജസ്വലമായ പ്രദർശനശാലയായിരിക്കുമെന്ന് നിറച്ചാർത്ത് വാഗ്ദാനം ചെയ്യുന്നതു. പ്രദർശനം വളർന്നുവരുന്ന പ്രതിഭകൾക്കും പരിചയസമ്പന്നരായ കലാകാരന്മാർക്കും ഒരു പ്ലാറ്റ്ഫോം പ്രദാനം ചെയ്യുന്നു, ഇത് കൊച്ചിയുടെ സാംസ്കാരിക കലണ്ടറിലെ ശ്രദ്ധേയമായ പരിപാടിയായി മാറുമെന്നതിൽ സംശയമില്ല.

പ്രഷ്യൻ ബ്ലൂ ആർട്ട് ഹബിന്റെയും ഗാലറി ഗയയുടെയും ഡയറക്ടറായ പ്രശസ്ത കലാകാരൻ ശ്രീ സുരേഷ് ടി ആർ ഒക്ടോബർ 18 ന് വൈകുന്നേരം 5 മണിക്ക് പ്രദർശനം ഉദ്ഘാടനം ചെയ്യും.

അഞ്ജലി ഗോപാൽ, അന്ന അലക്സാണ്ടർ, ആശാ നായർ, ഗീത മേരി എലിസബത്ത്, ഡോ. ഹരികൃഷ്ണൻ.ആ, ഹെലൻ ജോർജ്, ജയകൃഷ്ണൻ ഒ., മീരാ ജീസൺ, നന്ദാദേവി , നിബിൻ തകപ്പൻ, പ്രശാന്ത് , റോഷ്നി ജോർജ്ജ്, ഷീല കൊച്ചൗസേഫ്, സുധി പീപ്പി, ഡോ താര സെബാസ്റ്റ്യൻ എന്നിവരാണ് പ്രദർശനത്തിൽ പങ്കെടുക്കുന്ന കലാകാരികൾ.

## നൂതനാശയങ്ങൾ പങ്കുവെച്ച് ദിശ 2024




**കൊച്ചി:** ഭാരത സംസ്കാരത്തിൽ ഊന്നിയ വിദ്യാഭ്യാസ പാരമ്പര്യത്തിൽ ഉറച്ചു നിന്നുകൊണ്ട് കാലാനുസൃതമായ മാറ്റങ്ങൾ സ്വീകരിച്ച് മുന്നേറുന്ന ഭാരതീയ വിദ്യാഭവൻ നൂതനമായ വിദ്യാഭ്യാസ ആശയങ്ങൾ ചർച്ച ചെയ്യാനും പദ്ധതികൾ ആവിഷ്കരിക്കാനുമായി അഖിലേന്ത്യാ അധ്യാപക സമ്മേളനമായ ദിശ2024 ലൂടെ അവസരം ഒരുക്കുന്നു.മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സമ്മേളനത്തിന്റെ രണ്ടാം ദിവസമായ ഒക്ടോബർ 18ന് രാവിലെ നടന്ന ചടങ്ങിൽ ശിക്ഷൺ ഭാരതി മുംബൈ ഡയറക്ടർ പോളി മേനച്ചേരി അധ്യാപകരെ അഭിസംബോധന ചെയ്തു. ഭാഷാപഠനത്തിന് മറ്റു വിഷയങ്ങളോടുള്ള അഭേദ്യമായ ബന്ധം വ്യക്തമാക്കിയ അദ്ദേഹം അധ്യാപകരുടെ ലക്ഷ്യരൂപീകരണത്തിന് വിദ്യാഭ്യാസത്തിൽ നിർണായക സ്ഥാനമാണുള്ളതെന്ന് ചൂണ്ടിക്കാട്ടി.ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ഡയറക്ടർ ഇ.രാമൻകുട്ടി സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. എരൂർ ഭവൻസ് വിദ്യാമന്ദിർ പ്രിൻസിപ്പൽ പാർവതി ഇ സ്വാഗതപ്രസംഗം നടത്തി. കാക്കനാട് ഭവൻസ് ആദർശ വിദ്യാലയ വൈസ് പ്രിൻസിപ്പൽ ജ്യോതി പി കൃതജ്ഞത രേഖപ്പെടുത്തി. ഭവൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് സെന്റർ ബാംഗ്ലൂർ അസിം പ്രേംജി സർവകലാശാലയുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന ദിശ 2024ൽ ഇന്ത്യയിൽ ഉടനീളമുള്ള ഭവൻസ് സ്കൂളുകളിലെ 160ലധികം അധ്യാപകർ പങ്കെടുക്കുന്നു. അധ്യാപകർക്ക് അറിവുകളും ആശയങ്ങളും നൂതന പഠനപദ്ധതികളും പങ്കിടാനുള്ള ഒരു മികച്ച വേദിയാണ് ഇത്

## കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ സംരംഭകരെ പ്രോത്സാഹിപ്പിക്കും : മന്ത്രി കെ കൃഷ്ണൻകുട്ടി

**കൊച്ചി:** കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാൻ തയ്യാറായി വരുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി പറഞ്ഞു. അത്തരം നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്ന നിലപാടായിരിക്കും കൈക്കൊള്ളുക. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദനം നാം പ്രതീക്ഷിച്ച വേഗതയിൽ മുന്നേറിയിട്ടില്ലായെന്നത് വസ്തുതയാണ്. കേരളത്തിൽ ആകെ കാറ്റാടി നിലയശേഷി 70 മെഗാവാട്ട് മാത്രമാണ്. നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. കെഎസ്ഇബി. കൊച്ചിയിൽ സംഘടിപ്പിച്ച വിൻമീറ്റ് 2024 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

2030ഓടുകൂടി 10000 മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്ത് ഉറപ്പാക്കണമെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ടു പോകുന്നത്. ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം വൈദ്യുതി വില പിടിച്ചുനിർത്താൻ ചെലവ് കുറഞ്ഞ വൈദ്യുതി ബാഹ്യസ്രോതസ്സുകളിൽ നിന്നും കണ്ടെത്തും. പ്രാഥമിക വിലയിരുത്തലുകൾ പ്രകാരം ഉദ്ദേശം 3000 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങളിൽ നിന്നും 700 മെഗാവാട്ട് കാറ്റാടിപ്പാടങ്ങളിൽ നിന്നും 2325 മെഗാവാട്ട് ജലവൈദ്യുത പദ്ധതികളിൽ നിന്നും 3100 മെഗാവാട്ട് കൽക്കരി നിലയങ്ങളിൽ നിന്നും കണ്ടെത്താനാകുമെന്നാണ് കരുതുന്നത്. വൈകുന്നേരങ്ങളിൽ വൈദ്യുതി ലഭ്യമാക്കുന്ന പമ്പ്ഡ് സ്റ്റോറേജ്, ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം എന്നിവയ്ക്കും വലിയ പ്രാധാന്യം നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്. അത്തരം കാര്യങ്ങളും ആലോചനകൾ ഉണ്ടാകേണ്ടതാണ്. രാത്രികാലങ്ങളിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് അധിക വില നൽകുന്ന കാര്യവും പരിഗണനയിലാണ്.



പദ്ധതികൾ സുതാര്യമായാണ് കെഎസ്ഇബി. തയ്യാറാക്കുന്നത്. നിക്ഷേപകർക്ക് യാതൊരു ആശങ്കയുടെയും ആവശ്യമില്ല. അഴിമതി ഒരുതരത്തിലും ഉണ്ടാവാത്ത തരത്തിൽ പദ്ധതിയുമായി മുന്നോട്ടു പോകാൻ കഴിയുന്ന സാഹചര്യമാണുള്ളതെന്ന് കെഎസ്ഇബി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ബിജു പ്രഭാകർ പറഞ്ഞു. യഥേഷ്ടം ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യമാക്കാൻ കെഎസ്ഇബി. സജ്ജമാകേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അനെർട്ട് ഡയറക്ടർ നരേന്ദ്രനാഥ് വെലൂരി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി ഡയറക്ടർ ഡോ. കെ. ഭൂപതി, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ക്വാഡ് ആർഇ പാർക്ക് & പ്രോജക്റ്റ് ഹെഡ് തുഷാർ കുമാർ എന്നിവർ പ്രഭാഷണങ്ങൾ നടത്തി. പ്രോജക്റ്റ്സ് വിഭാഗം ചീഫ് എഞ്ചിനീയർ വി.എൻ. പ്രസാദ് വിഷയാവതരണം നടത്തി. കെഎസ്ഇബിഎൽ ഡയറക്ടർമാരായ ജി. സജീവ്, പി. സുരേന്ദ്ര, ആർ. ബിജു എന്നിവർ പങ്കെടുത്തു



ഐക്യുഎസി ഡയറക്ടർ ഡോ സാം തോമസ്,സിൻഡിക്കേറ്റ് അംഗം ഡോ ശശി ഗോപാലൻ,ഡിഡിയുകെകെ ഡയറക്ടർ ഡോ എസ് സന്തോഷ് കുമാർ,കുസാറ്റ് രജിസ്ട്രാർ ഡോ.അരുൺ എ.യു,പ്രൊഫ.ഡോ. എം ജുനൈദ് ബുഷിരി,നെസ്റ്റ് ഡിജിറ്റൽ സിഇഒ നസ്നീൻ ജഹാംഗീർ,മുൻ വൈസ് ചാൻസലർ ഡോ പി.ജി ശങ്കരൻ,നെസ്റ്റ് അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് ഡോ പ്രദീപ് എസ്, നെസ്റ്റ് ഇൻഡസ്ട്രി ബിസിനസ് യൂണിറ്റ് ഡെലിവറി ഹെഡ് ശ്രീകാന്ത്.

# കുസാറ്റും നെസ്റ്റ് ഡിജിറ്റലും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഡിജിറ്റൽ സാങ്കേതിക സേവനങ്ങളിലെ വ്യവസായവിജ്ഞാന പങ്കാളിത്തത്തിനായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ദീൻ ദയാൽ ഉപാധ്യായ കൌശൽ കേന്ദ്ര (ഡിഡിയുകെകെ) ബഹുരഷ്ട്ര കമ്പനിയായ നെസ്റ്റ് ഗ്രൂപ്പിന്റെ സോഫ്റ്റ്വെയർ വിഭാഗമായ നെസ്റ്റ് ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡുമായി ധാരണാപത്രം ഒപ്പിട്ടു. ഡിഡിയുകെകെയുടെ നൈപുണ്യ വികസനത്തിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും നെസ്റ്റ് ഗ്രൂപ്പിൻറെ പിന്തുണ ധാരണാപത്രം ഉറപ്പാക്കും. സൗജന്യ വ്യവസായഇൻസ്റ്റിറ്റ്യൂട്ട് സംരംഭങ്ങൾ, നൈപുണ്യ പരിപാടികൾ, ഇന്റേൺഷിപ്പ് അവസരങ്ങൾ, നെസ്റ്റ് ഡിജിറ്റൽ അക്കാദമിയുടെ പഠന പോർട്ടലിൽ നിന്നുള്ള സൗജന്യ ബാഡ്ജുകൾ, സാങ്കേതിക മത്സരങ്ങളിലും ഹാക്കത്തോണുകളിലും സൗജന്യ പങ്കാളിത്തം എന്നിവ നെസ്റ്റ് ഉറപ്പാക്കും. ഡിജിറ്റൽ വൈദഗ്ധ്യവും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്കും ഫാക്കൽറ്റി അംഗങ്ങൾക്കും നെസ്റ്റ് പരിശീലനം നൽകും.

കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ. എം ജുനൈദ് ബുഷിരിയുടെ സാന്നിധ്യത്തിൽ കുസാറ്റ് രജിസ്ട്രാർ ഡോ.അരുൺ എ.യു നെസ്റ്റ് ഡിജിറ്റൽ സിഇഒ നസ്നീൻ ജഹാംഗീർ എന്നിവർ കുസാറ്റ് സിൻഡിക്കേറ്റ് ഹാളിൽ വച്ച് ധാരണാപത്രത്തിൽ ഒപ്പുവച്ചു.

കുസാറ്റ് മുൻ വൈസ് ചാൻസലർ ഡോ പി.ജി ശങ്കരൻ, സിൻഡിക്കേറ്റ് അംഗം ഡോ ശശി ഗോപാലൻ, ഐക്യുഎസി ഡയറക്ടർ ഡോ സാം തോമസ്, ഡിഡിയുകെകെ ഡയറക്ടർ ഡോ എസ് സന്തോഷ് കുമാർ, നെസ്റ്റ് അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് ഡോ പ്രദീപ് എസ്, നെസ്റ്റ് ഇൻഡസ്ട്രി ബിസിനസ് യൂണിറ്റ് ഡെലിവറി ഹെഡ് ശ്രീകാന്ത് എന്നിവർ സന്നിഹിതരായിരുന്നു.

# ഷിപ്പ് ടെക്നോളജി വകുപ്പ് സുവർണ്ണ ജൂബിലി ആഘോഷത്തിന് 23 ന് തുടക്കം

**കൊച്ചി:** കൊച്ചി ശാസ്ത്ര സർവകലാശാലയിലെ ഷിപ്പ് ടെക്നോളജി വകുപ്പിൻറെ അൻപതാം വാർഷികമായ സുവർണ്ണ ജൂബിലി ആഘോഷത്തിന് ഒക്ടോബർ 23 ന് തുടക്കമാകും. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ.ഡോ എം.ജുനൈദ് ബുഷിരി മുഖ്യാതിഥിയാകുന്ന ചടങ്ങിൻറെ ഉദ്ഘാടനം ഡിആർഡിഒ ആർ&എം ഡയറക്ടർ ജനറൽ ഡോ.മനു കൊറുള നിർവഹിക്കും. കുസാറ്റ് ഷിപ്പ് ടെക്നോളജി വകുപ്പിലെ ഗോൾഡൻ ജൂബിലി സെമിനാർ ഹാളിൽ രാവിലെ 10.30 ന് നടക്കുന്ന പരിപാടിയിൽ ഷിപ്പ് ടെക്നോളജി വകുപ്പിലെ പ്രൊഫസർ ഡോ.കെ ശിവപ്രസാദ് സ്വാഗതവും ഷിപ്പ് ടെക്നോളജി വകുപ്പ് മേധാവി ഡോ.സതീഷ് ബാബു പി.കെ അധ്യക്ഷ പ്രസംഗവും നടത്തും.ചടങ്ങിൽ സെൻററർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷീസ് ടെക്നോളജി (ഐസിഎആർസി.ഐ.എഫ്.ടിണ്ടണ്ട) ഡയറക്ടർ ജോർജ് നൈനാൻ, ഡിപ്പാർട്ട്മെൻറ് ഓഫ് ഷിപ്പ് ടെക്നോളജി അലുമ്നി സൊസൈറ്റി സെക്രട്ടറി കമ്മാൻഡർ ദീപക് സെബാസ്റ്റ്യൻ, സൊസൈറ്റി ഓഫ് നേവൽ ആർക്കിടെക്ച്ചർ സ്റ്റുഡൻറ്സ് സെക്രട്ടറി നവനീത് എസ് എന്നിവർ സംസാരിക്കും.

ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും സമുദ്ര വ്യവസായത്തിന് ഗണ്യമായ സംഭാവനകൾ നൽകിയ വകുപ്പാണ് 1974ൽ കുസാറ്റിൽ സ്ഥാപിതമായ ഡിപ്പാർട്ട്മെൻറ് ഓഫ് ഷിപ്പ് ടെക്നോളജി.

202425 അക്കാദമിക വർഷം സുവർണ്ണ ജൂബിലി വർഷമായി ആഘോഷിക്കുന്ന ഈ വകുപ്പിലെ പൂർവ്വ വിദ്യാർത്ഥികൾ ഇപ്പോൾ നിരവധി സംഘടനകൾക്ക് നേതൃത്വം നൽകുന്നുണ്ട്.

പരിപാടിയുടെ ഭാഗമായി നിരവധി സാങ്കേതിക, സാമൂഹിക പരിപാടികൾ ഈ വർഷം ആസൂത്രണം ചെയ്തിട്ടുണ്ട്.

# സെന്റ് തെരേസാസ് കോളേജ് ഇനി ഗ്രീൻ കാമ്പസ്

**കൊച്ചി:** എറണാകുളം സെന്റ് തെരേസാസ് കോളേജിന് ഹരിതകേരളം മിഷന്റെ ഗ്രീൻ കാമ്പസ് സർട്ടിഫിക്കറ്റ് ലഭിച്ചു കേരളസർക്കാരിന്റെ 'മാലിന്യമുക്ത നവകേരളം കാമ്പയിന്റെ ഭാഗമായാണ് അംഗീകാരം ലഭിച്ചത്. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് സാക്ഷ്യപത്രം കോളേജ് ഡയറക്ടർ ഡോ. സിസ്റ്റർ വിനീതക്കു കൈമാറി. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ.സിസ്റ്റർ സുജിത, കൊച്ചിൻ കോർപ്പറേഷൻ ഹെൽത്ത് ഇൻസ്പെക്ടർമാരായ ജയകൃഷ്ണൻ പി, ഷെറിൻ എസ്ആർ, ഹരിതകേരളം റിസോഴ്സ് പേഴ്സൺസ് നിസ്സ എ, ദീപു ടിഎസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ഹരിത പെരുമാറ്റചട്ടം, മാലിന്യ സംസ്കരണം, ജലസംരക്ഷണം, ഊർജ്ജസംരക്ഷണം എന്നീ മേഖലകളിൽ കോളേജ് നടത്തിവരുന്ന കാര്യക്ഷമവും മാതൃകാപരവും ആയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ആണ് ഈ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്. എല്ലാ പരിപാടികളും ഹരിത ചട്ടം പാലിച്ചാണു നടത്തപ്പെടുന്നത് . ഇതിനായി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഗ്രീൻ ആർമി രൂപീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്പേപ്പർ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ചു ശേഖരിക്കാൻ കോളേജിനുള്ളിൽ പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിസ്ഥിതി സംരക്ഷണ ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കുക, പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, തുണിസഞ്ചി നിർമാണത്തിൽ പരിശീലനം നൽകുക എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

# കുസാറ്റ്: എം.ടെക്ക് കസാഡ് പ്രോഗ്രാമിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സർവകലാശാലയിലെ ഷിപ്പ് ടെക്നോളജി വകുപ്പിൽ എം.ടെക്ക് കസാഡ് പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താല്പര്യമുള്ളവർ ഒക്ടോബർ 22 ന് പ്രസ്തുത ഓഫീസിൽ റിപ്പോർട് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 04842862581 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

# 2024 ക്യുഎസ് റീഇമാജിൻ എജ്യുക്കേഷൻ അവാർഡ് ചുരുക്കപ്പട്ടികയിൽ ഇടം നേടി കുസാറ്റ്

**കൊച്ചി:** 2024 ലെ ക്യുഎസ് റീഇമാജിൻ എജ്യുക്കേഷൻ അവാർഡിൽ സസ്റ്റൈനബിലിറ്റി എജ്യുക്കേഷൻ ആക്ഷൻ വിഭാഗത്തിൽ ഇടം നേടി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല.'സുസ്ഥിര കാമ്പസ് മിഷൻ: ട്രാൻസ്ഫോർമേഷൻ, എൻവയോൺമെന്റൽ സ്റ്റുവർഡ്ഷിപ്പ് ആൻഡ് ബിയോണ്ട്' എന്ന പ്രോജക്ടിനാണ് അംഗീകാരം ലഭിച്ചത്.

1,300 ലധികം സ്ഥാപനങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരാണ് ചുരുക്കപ്പട്ടികയിലുള്ളത്.18 വിഭാഗങ്ങളിലായാണ് ക്യുഎസ് റീഇമാജിൻ എഡ്യൂക്കേഷൻ അവാർഡുകൾ നൽകുന്നത്.800ലധികം അന്താരാഷ്ട്ര ജഡ്ജിമാരാണ് ആദ്യ റൗണ്ട് മൂല്യനിർണ്ണയം നടത്തിയത്. സുസ്ഥിര വിദ്യാഭ്യാസത്തെ സജീവമാക്കാൻ, കാമ്പസ് സംരംഭങ്ങൾ, കമ്മ്യൂണിറ്റി പാർട്ട്ണർഷിപ്പുകൾ, എന്നിവയിലൂടെ കൂടുതൽ സുസ്ഥിരമായ ഭാവി വളർത്താൻ സഹായിക്കുന്ന പദ്ധതികൾക്കാണ് ഈ അംഗീകാരം ലഭിക്കുന്നത്

# കുസാറ്റ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ വജ്ര ജൂബിലി ആഘോഷം ഇന്ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**കൊച്ചി:** ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ (കുസാറ്റ്) സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ (എസ്എംഎസ്) വജ്ര ജൂബിലി ആഘോഷം ഇന്ന് ( 19 ന്) മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, ഹൈബി ഈഡൻ എംപി എന്നിവരും സന്നിഹിതരാകും.

കുസാറ്റ് സെമിനാർ കോംപ്ലക്സിൽ രാവിലെ 11.00 ന് സംഘടിപ്പിക്കുന്ന പരിപാടിയിൽ വൈസ് ചാൻസലർ പ്രൊഫ.ഡോ.എം ജുനൈദ് ബുഷിരി, കളമശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ സീമാ കണ്ണൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

കഴിഞ്ഞ 60 വർഷമായി അക്കാദമിക മികവിലും മാനേജ്മെന്റ് വിദ്യാഭ്യാസത്തിലും ഏറെ മുന്നേറ്റങ്ങൾ നടത്തിയിട്ടുള്ള കുസാറ്റ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് എം.ബി.എ, പി.എച്ച്.ഡി, എക്സിക്യൂട്ടിവ് എം.ബി.എ തുടങ്ങിയ പ്രോഗ്രാമുകൾ വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കുമായി ഒരുക്കിയിട്ടുണ്ട്.

അക്കാദമിക ജ്ഞാനവും പ്രായോഗിക വൈദഗ്ധ്യവുമുള്ള മികച്ച പ്രൊഫഷണലുകളെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആഗോള ബിസിനസ്സ് പരിസ്ഥിതിക്ക് അനുസൃതമായി നിൽകാനും വികസിച്ചുകൊണ്ടിരിക്കുന്ന കോർപ്പറേറ്റ് ലോകത്തിന്റെ വെല്ലുവിളികളെ നേരിടാനും ബിരുദധാരികളെ തയ്യാറാക്കുക കൂടിയാണ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് ചെയ്യുന്നത്.

# അഞ്ജന മേനോൻ ഇന്ത്യയെ പ്രതിനിധീകരിച്ച് യുവചരിത്ര ഗവേഷക

**കൊച്ചി:** യുകെയിലെ ഡർഹാം യൂണിവേഴ്സിറ്റിയിൽ നടന്ന 'ജെൻഡർ ആൻഡ് ജെനർ: മെഡിക്കൽ ഹ്യൂമാനിറ്റീസ് ആൻഡ് മൂവിംഗ് ഇമേജ്' എന്ന അന്താരാഷ്ട്ര സിമ്പോസിയത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് എറണാകുളത്ത് നിന്നും യുവ ചരിത്ര ഗവേഷക അഞ്ജന മേനോൻ പങ്കെടുത്തു.

ഇംഗ്ലണ്ടിലെ ഡർഹാം യൂണിവേഴ്സിറ്റിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ ഹ്യൂമാനിറ്റീസാണ് സിമ്പോസിയം സംഘടിപ്പിച്ചത്. വൈദ്യശാസ്ത്രം, സംസ്കാരം, ലിംഗഭേദം എന്നിവ തമ്മിലുള്ള ബന്ധം ചർച്ച ചെയ്ത സിമ്പോസിയത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഗവേഷകരും അക്കാദമിക് വിദഗ്ധരും പങ്കെടുത്തു. 'ലിംഗപരമായ ആഘാതവും പ്രാതിനിധ്യത്തിന്റെ രാഷ്ട്രീയവും: മലയാള സിനിമയിലെ കാൻസർ ആഖ്യാനങ്ങളുടെ സ്ത്രീപക്ഷ വിശകലനം' എന്ന പേരിൽ അഞ്ജന മേനോൻ അവതരിപ്പിച്ച പ്രബന്ധത്തിൽ മലയാള സിനിമയിലെ ലിംഗഭേദവും മെഡിക്കൽ ട്രോമയും ചർച്ച ചെയ്തു. ഈ പ്രബന്ധം മലയാള സിനിമയിലെ ആരോഗ്യ വ്യവഹാരത്തെ ആഗോള ചർച്ചയിലേക്ക് കൊണ്ടുവന്നു. എം ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ എറണാകുളം മഹാരാജാസ് കോളേജ് ഗവേഷണ കേന്ദ്രമാക്കി പ്രൊഫ. വിനോദ് കുമാർ കല്ലോലിക്കലിന്റെ മേൽനോട്ടത്തിൽ കേരളത്തിലെ ആരോഗ്യശാസ്ത്ര ചരിത്രത്തിൽ ഗവേഷണം നടത്തിവരികയാണ് അഞ്ജന.

# കേരളത്തിൽ സാന്നിദ്ധ്യം വിപുലീകരിക്കാൻ യെസ് ബാങ്ക്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സ്വകാര്യമേഖലാ ബാങ്കുകളിൽ ഒന്നായ യെസ് ബാങ്ക് കേരളത്തിലെ സാമ്പത്തികമായി മുന്നിൽ നിൽക്കുന്നവരുടെയും പ്രവാസി സമൂഹത്തിൻറെയും ഇഷ്ട ബാങ്ക് ആയി കേരളത്തിൽ സാന്നിദ്ധ്യം വിപുലീകരിക്കാൻ ലക്ഷ്യമിടുന്നു. 3.5 ദശലക്ഷത്തിലധികം പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ള കേരളത്തിലെ സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന ഇടപാടുകാർക്ക് യെസ് ബാങ്കിൻറെ പതാകവാഹക ബാങ്കിങ് പദ്ധതികളായ യെസ് ഫസ്റ്റ്, യെസ് ഫസ്റ്റ് ബിസിനസ് വ്യക്തിപരവും ബിസിനസ്സ് ആവശ്യങ്ങൾക്കുമായി വ്യക്തിഗത വെൽത്ത് മാനേജ്മെൻറിൻറെയും ബാങ്കിങ് സേവനങ്ങളുടെയും ഒരു നീണ്ടനിര തന്നെ ലഭ്യമാക്കുന്നു.

യെസ് ഫസ്റ്റ് പദ്ധതി സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന ഉപഭോക്താക്കൾക്കായി ഗോൾഫ് പ്രോഗ്രാം പോലെയുള്ള ആനുകൂല്യങ്ങളുമായുള്ള കോംപ്ലിമെൻററി യെസ് ഫസ്റ്റ് ഡെബിറ്റ് കാർഡ്, അന്താരാഷ്ട്ര ഇടപാടുകളിൽ സീറോ ക്രോസ്കറൻസി മാർക്ക്അപ്പ്, ഒരു കോടി രൂപ വരെയുള്ള വിമാന അപകട ഇൻഷുറൻസും 25,000 രൂപയുടെ പർച്ചേസ് പരിരക്ഷയും ഉൾപ്പെടെയുള്ള സമഗ്ര ഇൻഷുറൻസ് കവറേജ്, പുതിയ ഡെബിറ്റ് കാർഡ് ആക്റ്റിവേഷനുകൾക്കുള്ള 500 യെസ് റിവാർഡ്സ് പോയിൻറുകളും ഡീമാറ്റ് അക്കൗണ്ടിന് ആജീവനാന്ത ഫീസ് ഒഴിവാക്കൽ ഉൾപ്പെടെയുള്ള എക്സ്ക്ലൂസീവ് റിവാർഡുകൾ പ്രീമിയം ബാങ്കിംഗ് സേവനങ്ങൾ നൽകുന്നു;

ബിസിനസ്സ് ഉടമകൾക്കായി യെസ് ഫസ്റ്റ് ബിസിനസ്സ്, ഇടപാടുകളുടെ മുൻഗണനാ നിരക്കും പ്രവർത്തന മൂലധന വായ്പകളിൽ ഫീസ് ഇളവും, 19 കറൻസികളിൽ ഗ്ലോബൽ റെമിറ്റൻസ് സേവനങ്ങൾ, 1.5 കോടി രൂപ വരെയുള്ള വിറ്റുവരവിൽ ബ്രോക്കറേജില്ലാത്ത കോംപ്ലിമെൻററി ട്രേഡിംഗ് അക്കൗണ്ട്, എല്ലാ ബിസിനസ് സംബന്ധമായ ആവശ്യങ്ങൾക്കും ബാങ്കിങ് പ്രൊഫഷണലുകളുടെ വിദഗ്ദ്ധ സേവനംഉൾപ്പെടെയുള്ള ബിസിനസ്സ് വളർച്ചയ്ക്കായുള്ള സേവനങ്ങളുടെ ഒരു നീണ്ടനിര ലഭ്യമാക്കുന്നു:

ഡിജിറ്റൽ സൗകര്യങ്ങൾക്ക് പുറമേ കൂടുതൽ സങ്കീർണ്ണമായ നിക്ഷേപ പരിഹാരങ്ങൾക്കായി അടിസ്ഥാന എൻആർഇ (നോൺ റസിഡൻറ് എക്സ്റ്റേണൽ), എൻആർഒ (നോൺ റസിഡൻറ് ഓർഡിനറി) സേവിങ്സ് അക്കൗണ്ടുകൾ, ഫിക്സഡ് ഡിപ്പോസിറ്റുകൾ, എഫ്സിഎൻആർ (ബി) നിക്ഷേപങ്ങൾ (വിദേശ കറൻസി നോൺ റസിഡൻറ് ബാങ്ക്) തുടങ്ങി വൈവിധ്യമാർന്ന എൻആർഐ സേവനങ്ങൾ യെസ് ബാങ്ക് ലഭ്യമാക്കുന്നു.

പ്രവാസികൾക്ക് ഇന്ത്യൻ സ്റ്റോക്കുകളിലും ബോണ്ടുകളിലും നിക്ഷേപം നടത്താൻ അനുവദിക്കുന്ന പോർട്ട്ഫോളിയോ ഇൻവെസ്റ്റ്മെൻറ് സ്കീമും അനുകൂലമായ വിനിമയ നിരക്കുകൾ പ്രയോജനപ്പെടുത്തി രൂപയുടെ മൂല്യമുള്ള നിക്ഷേപങ്ങളിൽ മെച്ചപ്പെട്ട വരുമാനം നൽകുന്ന സേവനമായ പ്രീമിയം റുപ്പി പ്ലാനും ഇതിൽ ഉൾപ്പെടുന്നു. പ്രവാസികളെ അവരുടെ പോർട്ട്ഫോളിയോകൾ വൈവിധ്യവത്കരിക്കാനും ഇന്ത്യൻ രൂപയിലും വിദേശ കറൻസികളിലും ആകർഷകമായ വരുമാനം നേടാൻ സഹായിക്കാനായി യെസ് ബാങ്കിൻറെ ഐബിയു ജിഐഎഫ്ടി സിറ്റി ബ്രാഞ്ച് വഴി വിദേശ കറൻസി സേവിങ്സ് അക്കൗണ്ടുകളും ലഭ്യമാക്കുന്നു.

# കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ അസോസിയേറ്റ് സ്പോൺസറായി വിഐപി ക്ലോത്തിംഗ് ലിമിറ്റഡ്

**കൊച്ചി:** കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുടെ പുതിയ അസോസിയേറ്റ് സ്പോൺസറായി വിഐപി ക്ലോത്തിംഗ് ലിമിറ്റഡ്. ബിസിനസ് വിപുലീകരണവും രാജ്യത്തെ യുവാക്കളെ ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി, അടുത്തിടെയാണ് 'റിവോൾട്ട്' എന്ന പേരിൽ ഫാഷനും കംഫർട്ടും ഒരുമിച്ചുചേരുന്ന പുതിയ വസ്ത്രശേഖരം വിപണിയിൽ അവതരിപ്പിച്ചുകൊണ്ട് വിഐപി ക്ലോത്തിംഗ് ലിമിറ്റഡ് സജീവമായത്. കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുമായുള്ള പങ്കാളിത്തത്തിലൂടെ കൂടുതൽ യുവാക്കളിലേക്ക് എത്തിച്ചേരുന്നതിനോടൊപ്പം ഫുട്ബോളിനും സമൂഹത്തിനും നല്ലൊരു ഭാവി സൃഷ്ടിക്കുവാനുള്ള പ്രതിബദ്ധത ഉറപ്പാക്കുകയുമാണ് വിഐപി ക്ലോത്തിംഗ് ലിമിറ്റഡ്.

# ജിയോജിത്തിൻെറ രണ്ടാംപാദ അറ്റാദായം 57.42 കോടി രൂപ, 53% വർധന

**കൊച്ചി:** നിക്ഷേപ സേവന സ്ഥാപനമായ ജിയോജിത് 202425 സാമ്പത്തിക വർഷം സെപ്റ്റംബറിൽ അവസാനിച്ച രണ്ടാം പാദത്തിൽ 57.42 കോടി രൂപ അറ്റാദായം നേടി. മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 53 ശതമാനത്തിൻറെ വർധനയാണ് അറ്റാദായത്തിൽ ഉണ്ടായിരിക്കുന്നത്. മുൻ സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിൽ കമ്പനിയുടെ അറ്റാദായം 37.48 കോടി രൂപയായിരുന്നു.കമ്പനിയുടെ മൊത്തം വരുമാനം രണ്ടാം പാദത്തിൽ 218.55 കോടി രൂപയായി വർധിച്ചു, 50 ശതമാനത്തിൻറെ വർധന. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 145.51 കോടി രൂപയായിരുന്നു മൊത്തം വരുമാനം.

നികുതി കണക്കാക്കുന്നതിനു മുൻപുള്ള ലാഭം മുൻ വർഷത്തെ 48.32 കോടി രൂപയിൽ നിന്ന് 75.52 കോടി രൂപയിലെത്തി, 56 ശതമാനത്തിൻറെ വർധന രേഖപ്പെടുത്തി.

നടപ്പു സാമ്പത്തിക വർഷത്തിൻറെ ഒന്നാം പാതിയിൽ ജിയോജിത്തിൻറെ അറ്റാദായം 103.23 കോടി രൂപയായി വർധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇതേ കാലയളവിൽ 59.56 കോടി രൂപയായിരുന്നു അറ്റാദായം.

കമ്പനിയുടെ അർദ്ധവാർഷിക മൊത്തം വരുമാനം 261.49 കോടി രൂപയിൽ നിന്ന് 399.73 കോടി രൂപയായി. നികുതി കണക്കാക്കുന്നതിനു മുൻപുള്ള ലാഭം മുൻ വർഷത്തെ 77.46 കോടി രൂപയിൽ നിന്ന് 135.26 കോടി രൂപയിലെത്തി.



കലൂർ ഐ.എം.എ ഹൗസിൽ നടക്കുന്ന അനസ്തേഷ്യോളജി ഡോക്ടർമാരുടെ സംഘടനയായ ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ് (ഐഎസ്എ) കേരള ചാപ്റ്ററിന്റെ 48ാമത് സംസ്ഥാന സമ്മേളനം 'ഇസാകോൺ കേരള 2024' നോട് അനുബന്ധിച്ച് സംഘടിപ്പിച്ച പ്രായോഗിക പരിശീലന ക്ളാസ്സ്.

# ഇസാകോൺ കേരള 2024 തുടങ്ങി

**കൊച്ചി:** അനസ്തേഷ്യോളജി ഡോക്ടർമാരുടെ സംഘടനയായ ഇന്ത്യൻ സൊസൈറ്റി ഓഫ് അനസ്തേഷ്യോളജിസ്റ്റ് (ഐഎസ്എ) കേരള ചാപ്റ്ററിന്റെ 48ാമത് സംസ്ഥാന സമ്മേളനം 'ഇസാകോൺ കേരള 2024' കലൂർ ഐ.എം.എ ഹൗസിൽ തുടങ്ങി. സമ്മേളനത്തിന്റെ ആദ്യദിവസമായ ഇന്നലെ (18.10.2024 വെള്ളി) അൾട്രാ സൗണ്ട് നെർവ് ബ്ലോക്, എക്കോകാർഡിയോഗ്രാഫി, വെന്റിലേറ്റർ തുടങ്ങിയ വിഷയങ്ങളിൽ ശിൽപശാലയും പ്രായോഗിക പരിശീലന ക്ളാസ്സുകളും സംഘടിപ്പിച്ചു. 300 ഓളം ഡോക്ടർമാർ പങ്കെടുത്ത ശില്പശാലയിൽ വിദഗ്ദർ ക്ളാസ്സുകൾ നയിച്ചു. ഓർഗനൈസിംഗ് കമ്മിറ്റി പ്രസിഡന്റ് ഡോ. കെ.ആർ ഷാജി, സെക്രട്ടറി ഡോ.എസ്. എം സുരേഷ്, ട്രഷറർ ഡോ. എം. അനീഷ് തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നൽകി .

# ഗോദാവരി ബയോ റിഫൈനറീസ് ഐപിഒ 23 മുതൽ

**കൊച്ചി:** ഗോദാവരി ബയോറിഫൈനറീസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ഒക്ടോബർ 23 മുതൽ 25 വരെ നടക്കും. 325 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 6,526,983 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

10 രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 334 രൂപ മുതൽ 352 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 42 ഇക്വിറ്റി ഓഹരികൾക്കും തുർന്ന് 42ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം.

ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ

## ഇസാകോൺ കേരള 2024ൽ ഇന്ന്

രാവിലെ 10 ന് വൈദ്യശാസ്ത്ര തുടർ വിദ്യാസ പരിപാടിയും പി.ജി വിദ്യാർത്ഥികൾക്കുള്ള മത്സരപരിപാടികളും ഐഎസ്എ മുൻ ദേശീയ പ്രസിഡന്റ് ഡോ.ബി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. വൈകുന്നേരം ആറിന് നടക്കുന്ന യോഗം കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ഐ.എസ്.എ കേരള പ്രസിഡന്റ് ഡോ. സി.ആർ സെൻ അധ്യക്ഷത വഹിക്കും. കേരള ആരോഗ്യ സർവ്വകലാശാല വൈസ് ചാൻസിലർ ഡോ. മോഹനൻ കുന്നുമ്മൽ മുഖ്യപ്രഭാഷണം നടത്തും. വിവിധ അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്യും. ഡോ. സുഗു വർഗ്ഗീസ്, ഡോ. പോൾ. ഒ. റാഫേൽ, ഡോ.ബിനിൽ ഐസക് മാത്യു, ഡോ. ആരിഫ് തസ്ലിം, തുടങ്ങിയവർ സംസാരിക്കും. സമ്മേളനം നാളെ (20.10.2024 ഞായർ) സമാപിക്കും.

# ഗ്ലോബൽ വെൽ റെസ്പെക്റ്റഡ് സി. ഇ. ഒ അവാർഡ് 2024 ഡോക്ടർ ലാലു ജോസഫിന്



**ആലുവ:** ദി ബിസിനസ്സ് എക്സിക്യൂട്ടീവ് ഗ്രൂപ്പ് ഫോർ കോർപ്പറേറ്റ് വേൾഡ് ഏർപ്പെടുത്തിയിട്ടുള്ള 2024 ലെ ഗ്ലോബൽ വെൽ റെസ്പെക്റ്റഡ് സി. ഇ. ഒ അവാർഡിന് ഡോക്ടർ ലാലു ജോസഫ് അർഹനായി.ഈ മാസം 30 ആം തിയതി ദുബായിയിൽ ക്രൗൺ പ്ലാസയിൽ വച്ച് അവാർഡ് സമ്മാനിക്കും.

ബിസിനസ്സ് ലീഡർഷിപ്പ്, വൈദ്യശാസ്ത്ര രംഗത്തെ കണ്ടുപിടുത്തങ്ങൾ, ആഗോളതലത്തിൽ നൽകിയ സംഭാവനകൾ, തൊഴിൽ മേഖലയിലെ മികവ് ഇതെല്ലാം പരിഗണിച്ചാണ് ഈ അവാർഡിന് ഡോ. ലാലു ജോസഫ് തിരഞ്ഞെടുക്കപ്പെട്ടത്.

കൂടാതെ,ഇന്ത്യ ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സും, ഇൻഡോ ദുബായ് നാഷണൽ എക്സലൻസ് അവാർഡും,

അമേരിക്കയിലെ ഹൂസ്റ്റൺ ആസ്ഥാനമായുള്ള 'വേൾഡ് കോൺഫെഡറേഷൻ ഓഫ് ബിസിനസ്' ഈ വർഷത്തെ 'ഠവല ആശ്വ 2024' അവാർഡിനും, വേൾഡ് ലീഡർ ബിസിനസ് പേഴ്സൺ അവാർഡിനും, എക്സലൻസ് ഇൻ ബിസിനസ് ലീഡർഷിപ്പ് അവാർഡിനും ഡോക്ടർ ലാലു ജോസഫ് തിരഞ്ഞെടുക്കപ്പെട്ടിരുന്നു.മനുഷ്യർക്ക് ഏറ്റവും ഗുണപ്രദമായ കണ്ടുപിടുത്തങ്ങൾ നടത്തുകയും, അവയെ മികവുറ്റ ബിസിനസും തൊഴിലവസരങ്ങളും ആക്കി മാറ്റിയതിനാണ് ഈ അവാർഡുകൾ ഡോക്ടർ ലാലുവിന് ലഭിച്ചത് .

ആലുവ ആസ്ഥാനമായുള്ള ലിമാസ് മെഡിക്കൽ ഡിവൈസസ് സ്ഥാപനത്തിലെ ഡയറക്ടറും ചീഫ് സയന്റിസ്റ്റും ആണ് ഡോക്ടർ ലാലു ജോസഫ്. വൈദ്യശാസ്ത്ര രംഗത്തെ മികച്ച സംഭാവനയ്ക്ക് 2023 ൽ ഏഷ്യ പസഫിക് ഗോൾഡ് സ്റ്റീവ് അവാർഡും, 2020 ൽ അമേരിക്കയിൽ നിന്നുള്ള തോമസ് ആൽവ എഡിസൺ അവാർഡും, 2019 ൽ മഹാത്മാ ഗാന്ധി നാഷണൽ എക്സലൻസ് അവാർഡും ഡോക്ടർ ലാലുവിന് ലഭിച്ചിരുന്നു. കീ ഹോൾ സർജറിയിൽ കോശങ്ങൾ പടർന്ന് ക്യാൻസറും, ഫിബ്രോയ്ഡ്കളുടെ തുടർ വളർച്ചയും തടയുന്നതിനുള്ള സേഫ്റ്റി ഐസൊലേഷൻ ബാഗുകളും, ഇമ്പ്രൂവ്ഡ് യൂണിവേഴ്സൽ ടിഷ്യൂ മോർസല്ലേഷൻ സിസ്റ്റവും, സ്ത്രീകളിലെ അറിയാതെ മൂത്രം പോകുന്ന രോഗത്തിനുള്ള 'മൾട്ടി പർപസ് വജൈനൽ ഒക്ക്ലൂഷൻ ഡിവൈസും ഡോക്ടർ ലാലുവിന്റെ കണ്ടുപിടുത്തങ്ങളിൽ പെട്ടവയാണ്. ഫിലിപ്പയിൻസിലെ മനിലയിൽ സ്ഥാപിതമായ 'ഗുഡ് നെയ്ബേർസ് ഓഫ് ദി ഹെൽപ്ലെസ് ഇന്റർനാഷണലിന്റെ' സ്ഥാപകനുമാണ്. ഭാര്യ വിമല ലാലു, മക്കൾ: വിശാൽ, രെഞ്ചു, വിനീത.

# റിലയൻസ് മദർകെയറുമായി സംയുക്ത സംരംഭം രൂപീകരിക്കുന്നു

**കൊച്ചി / ന്യൂഡൽഹി :**റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സ് ലിമിറ്റഡ് കൊച്ചുകുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള ഉൽപന്നങ്ങളുടെ ആഗോള വിദഗ്ധരായ മദർകെയർ പിഎൽസിയുമായി സംയുക്ത സംരംഭം രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചു.

റിലയൻസ് ബ്രാൻഡ്സ് ലിമിറ്റഡിന്റെ പൂർണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനമായ റിലയൻസ് ബ്രാൻഡ്സ് ഹോൾഡിംഗ് യുകെ ലിമിറ്റഡ് (ആർബിഎൽ യുകെ), മദർകെയർ ബ്രാൻഡും ഇന്ത്യയുമായും നേപ്പാൾ, ശ്രീലങ്ക, ഭൂട്ടാൻ, ബംഗ്ലാദേശും എന്നിവയുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശ ആസ്തികളും സ്വന്തമാക്കുന്നതാണ് സംയുക്ത സംരംഭം.

കരാർ പ്രകാരം ആർബിഎൽ യുകെ സംയുക്ത സംരംഭത്തിൽ 51 ശതമാനം ഓഹരിയും മദർകെയർ ഗ്ലോബൽ ബ്രാൻഡ് ലിമിറ്റഡ് ബാക്കിയുള്ള 49 ശതമാനം നിലനിർത്തും.

16 മില്യൺ ബ്രിട്ടീഷ് പൗണ്ടിനാണ് ആർബിഎൽ യുകെ ഓഹരികൾ ഏറ്റെടുക്കുന്നത്.

സംയുക്ത സംരംഭം നിർദ്ദിഷ്ട ദക്ഷിണേഷ്യൻ പ്രദേശങ്ങളിൽ മദർകെയർ ബ്രാൻഡിന്റെ ഫ്രാഞ്ചൈസറായി പ്രവർത്തിക്കും, രണ്ട് ഓർഗനൈസേഷനുകളുടെയും ശക്തി പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ വളർച്ചാ അവസരങ്ങൾ തുറക്കും. വർഷങ്ങളായി ഇന്ത്യയിലെ രക്ഷിതാക്കൾക്ക് മദർകെയർ വിശ്വസനീയമായ പേരാണെന്നും ഈ സംയുക്ത സംരംഭം ഞങ്ങളുടെ പങ്കാളിത്തത്തിൽ ആവേശകരമായ ഒരു പുതിയ അധ്യായം അടയാളപ്പെടുത്തുമെന്നും റിലയൻസ് ബ്രാൻഡ്സ് മാനേജിംഗ് ഡയറക്ടർ ദർശൻ മേത്ത പറഞ്ഞു.

# സംസ്ഥാനത്തിന്റെ അംബാസിഡറാകാം; ദേശീയ യുവസംഘം രജിസ്ട്രേഷൻ 21 വരെ

**ന്യൂഡൽഹി:** ഇന്ത്യയിലെ ഏറ്റവും വലിയ സാസ്കാരിക പരിപാടികളിലൊന്നായ ദേശീയ യുവ സംഘത്തിൽ പങ്കെടുക്കാൻ രാജ്യത്തെ യുവതീയുവാക്കൾക്ക് അവസരം. കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏക് ഭാരത് ശ്രേഷ്ഠ ഭാരത് (ഇ ബി എസ് ബി) പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന യുവസംഘത്തിൽ യുവജനങ്ങൾക്ക് തങ്ങളുടെ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് അംബാസിഡർമാരായി പങ്കെടുക്കാനുള്ള അവസരമാണ് ലഭിക്കുന്നത്. 18നും 30നും ഇടയിൽ പ്രായമുള്ള പ്രൊഷഷണലുകൾ, വിദ്യാർത്ഥികൾ (ഓൺലൈൻ പഠനം നടത്തുന്നവർ/വിദൂരവിദ്യാഭ്യാസം നേടുന്നവർ), എൻ എസ് എസ് / എൻ വൈ കെ എസ് വോളന്റിയർമാർ/ സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികൾ തുടങ്ങിയവർക്ക് യുവസംഘത്തിൽ പങ്കെടുക്കാം. ഈ മാസം 21വരെ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കും. ഐ ഐ ഐ ടി കോട്ടയമാണ് കേരളത്തിലെ നോഡൽ ഇൻസ്റ്റിറ്റ്യൂട്ട്. 57 ദിവസം നീണ്ടുനിൽക്കുന്ന യുവസംഘം വിദ്യാർത്ഥികൾക്കും യുവ പ്രൊഫഷണലുകൾക്കും രാജ്യത്തെക്കുറിച്ചും ജനങ്ങളെക്കുറിച്ചും നമ്മുടെ സംസ്കാരത്തെക്കുറിച്ചും പഠിക്കാനുള്ള ഏറ്റവും മികച്ച അവസരമാണ് നൽകുകയെന്ന് വിദ്യാഭ്യാസ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു. യുവസംഘത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾക്കും രജിസ്ട്രേഷനും https://ebsb.aicte-india.org/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മവാർഷികത്തോടനുബന്ധിച്ച് 2015 ഒക്ടോബർ 31ന് നടന്ന രാഷ്ട്രീയ ഏകതാ ദിവസിലാണ് രാജ്യത്തെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന ജനങ്ങൾക്കിടയിൽ സാംസ്കാരിക വിനിമയവും കൂടുതൽ അടുപ്പവും ഉണ്ടാകേണ്ടതുണ്ടെന്ന ആശയം പ്രധാനമന്ത്രി നരേന്ദ്ര മോദി മുന്നോട്ടുവച്ചത്. ഈ ആശയം നടപ്പിലാക്കുന്നതിനായി 2016 ഒക്ടോബർ 31 ന് ഇ ബി എസ് ബി പ്രോഗ്രാം ആരംഭിച്ചു. ഇ ബി എസ്ബിയെക്കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ https://ekbharat.gov.in/JourneySoFar-Campaign/index.html) എന്ന ഇ ബുക്കിൽ ലഭിക്കും.

# പ്രാദേശിക ഭരണകൂടങ്ങളുടെ പദ്ധതികൾ വിദഗ്ദ്ധർ വിലയിരുത്തണം: ഹൈബി ഈഡൻ

**കൊച്ചി:** വികസന പദ്ധതികളിൽ പലതും പരാജയപ്പെടാൻ കാരണം പ്രൊഫഷണൽ രീതികൾ ഇല്ലാത്തതുകൊണ്ടാണെന്ന് ഹൈബി ഈഡൻ എം പി പറഞ്ഞു. ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഇന്ത്യ മുപ്പത്തിയൊൻപതാമത് നാഷണൽ കൺവെൻഷൻ ഓഫ് സിവിൽ എൻജിനിയേഴ്സ് സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രാദേശിക ഭരണകൂടങ്ങൾ തയ്യാറാക്കുന്ന പദ്ധതികൾ അതാത് മേഖലകളിലെ പ്രഗത്ഭർ പരിശോധനകൾ നടത്തി വിലയിരുത്തണം. അതോടൊപ്പം കെട്ടിട നിർമാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ പരിശോധിക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചിയിൽ കെ എസ് ആർ ടി സി വികസനത്തിന് നൽകിയ രണ്ടു കോടി രൂപ പാഴായതിന് കാരണം പദ്ധതി വ്യക്തമായി പരിശോധിച്ച് നടപ്പാക്കാത്തതായിരുന്നു. ഇന്ത്യൻ ആർമിയിൽ നിന്നും വിരമിച്ചെത്തിയവരുടെ പാർപ്പിട പദ്ധതിയും ഇത്തരത്തിൽ പരാജയപ്പെട്ടു. മരടിൽ ഫ്ലാറ്റുകൾ തകർക്കാനും സിമന്റ് ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ കുമിഞ്ഞു കൂടാനും കാരണം വ്യക്തമായ പ്രൊഫഷണൽ രീതികൾ ഇല്ലാത്തതുകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു.

ഐ ഇ പ്രസിഡന്റ് ഐ എ സി വി ഡി ബി ചെയർമാൻ ഡോ. അനിൽ ജോസഫ് അധ്യക്ഷത വഹിച്ചു. എൻ ബി സി ചെയർമാൻ വി സുരേഷ് വിശിഷ്ടാതിഥിയായിരുന്നു. കെ എസ് ബാബു, ജി വേലായുധൻ നായർ, ടി സി പ്രശാന്ത് എന്നിവർ പ്രസംഗിച്ചു.



**ദി ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ് ഇന്ത്യ മുപ്പത്തിയൊൻപതാമത് നാഷണൽ കൺവെൻഷൻ ഓഫ് സിവിൽ എൻജിനിയേഴ്സ് സമാപന സമ്മേളനത്തിൽ ഹൈബി ഈഡൻ എം പി സംസാരിക്കുന്നു. ജി വേലായുധൻ നായർ, വി ബി സിംഗ്, ഡോ. അനിൽ ജോസഫ്, വി സുരേഷ് എന്നിവർ സമീപം**

# ആക്സിസ് ബാങ്കിന്റെ അറ്റാദായത്തിൽ 18 ശതമാനം വർധനവ്

**കൊച്ചി:** നടപ്പു സാമ്പത്തിക വർഷത്തിന്റെ രണ്ടാം ത്രൈമാസത്തിൽ ആക്സിസ് ബാങ്ക് 6918 കോടി രൂപ അറ്റാദായം കൈവരിച്ചു. മുൻ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് 18 ശതമാനം വർധനവാണിതു സൂചിപ്പിക്കുന്നത്. പത്തു ശതമാനം വർധനവോടെ 9601 കോടി രൂപയുടെ പ്രവർത്തന ലാഭവും ബാങ്ക് കൈവരിച്ചിട്ടുണ്ട്. അറ്റ പലിശ വരുമാനം ഒൻപതു ശതമാനം വർധിച്ച് 13,483 കോടി രൂപയിലെത്തി.

ബാങ്കിന്റെ മൂലധന പര്യാപ്തതാ നിരക്ക് 16.61 ശതമാനമാണ്. കഴിഞ്ഞ 11 ത്രൈമാസങ്ങളിൽ ഏറ്റവും കൂടുതൽ ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്ത സ്ഥാപനങ്ങളിലൊന്ന് എന്ന നിലയിൽ തുടരുന്ന ബാങ്ക് രണ്ടാം ത്രൈമാസത്തിൽ 1.06 ദശലക്ഷത്തിലേറെ പുതിയ കാർഡുകളാണ് വിതരണം ചെയ്തത്. അൾട്രാ ഹൈ നെറ്റ് വർത്ത് വിഭാഗത്തിനായുള്ള ബാങ്കിന്റെ ബർഗണ്ടി പ്രൈവറ്റിൽ കൈകാര്യം ചെയ്യുന്ന ആസ്തികൾ വാർഷികാടിസ്ഥാനത്തിൽ 28 ശതമാനം വർധിച്ചു. 12,591 കുടുംബങ്ങൾക്കാണ് ഇതിലൂടെ സേവനം നൽകുന്നത്.

ഡിജിറ്റൽ സംവിധാനങ്ങളും ഭൗതീകമായ വിപുലീകരണവും സന്തുലനം ചെയ്തു മുന്നേറിയ ത്രൈമാസമായിരുന്ന കടന്നു പോയതെന്ന് ആക്സിസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിതാഭ് ചൗധരി പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY




കൊച്ചിയിലെ ഇടപ്പള്ളിയിൽ ആരംഭിച്ച ഇസുസു മോട്ടോഴ്സ് ഇന്ത്യ ഷോറൂമിൻറെ ഉദ്ഘാടനം കമ്പനി ഡെപ്യൂട്ടി എംഡി ടോറു കിഷിമോട്ടോയും മണികണ്ഠൻ മോട്ടോഴ്സ് എം ഡി എസ് രാഘവേന്ദ്രയും ചേർന്ന് നിർവ്വഹിക്കുന്നു. എറണാകുളം ജില്ലാ ആർടിഒ ടി എം ജോർസൺ സമീപം.

# ഇസുസു മോട്ടോഴ്സ് ഇന്ത്യ കേരളത്തിൽ സാന്നിധ്യം ശക്തമാക്കുന്നു

**കൊച്ചി:** കേരളത്തിലെ ഉപഭോക്താക്കൾക്കു ബ്രാൻഡ് ടച്ച് പോയിൻറുകൾ മെച്ചപ്പെടുത്തുന്നതിനും നെറ്റ്‌വർക്കു ശക്തിപ്പെടുത്തുന്നതിനുമായി ഇസുസു മോട്ടോഴ്സ് ഇന്ത്യ കേരളത്തിലെ സാന്നിധ്യം ശക്തമാക്കുന്നു. കൊച്ചിയിലും കോഴിക്കോട്ടും പുതിയ നെറ്റ്‌വർക്ക് സെൻററുകൾ തുറന്നുകൊണ്ട് പുതിയ വിപണന പദ്ധതിക്ക് കമ്പനി തുടക്കം കുറിച്ചു.

കൊച്ചിയിൽ ഇടപ്പള്ളി എൻ എച്ച് 17 ൽ ലുലുമാളിന് എതിർവശത്ത് മണികണ്ഠൻ മോട്ടോഴ്സും കോഴിക്കോട് മീഞ്ചന്ത വട്ടക്കിണറിൽ ഇ വി എം ഗ്രൂപ്പും ഇതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഇസുസു വാഹന ഷോറൂമുകൾ തുറന്നു. കൊച്ചി ഷോറൂമിൻറെ ഉദ്ഘാടനം ഇസുസു മോട്ടോഴ്സ് ഇന്ത്യ ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ടോറു കിഷിമോട്ടോയും മണികണ്ഠൻ മോട്ടോഴ് സ് എം ഡി എസ് രാഘവേന്ദ്രയും ചേർന്ന് നിർവഹിച്ചു. എറണാകുളം ജില്ലാ ആർടിഒ ടി എം ജോർസനും ചടങ്ങിൽ സന്നിഹിതരായിരുന്നു. വ്യക്തിഗത യൂട്ടിലിറ്റി വാഹനങ്ങളുടെ ശ്രേണിയിൽ ജീവിത ശൈലിയും സാഹസികതയും പ്രോത്സാഹിപ്പിക്കുന്ന സമകാലീന ഘടകങ്ങളുടെ പുതിയ സൗകര്യങ്ങൾ പ്രകടമാണെന്നും രാജ്യത്തുടനീളം ബ്രാൻഡിൻറെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായുമാണ് കേരളത്തിലും പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതെന്നും ടോറു കിഷിമോട്ടോ പറഞ്ഞു.

ജപ്പാനിലെ ജനപ്രിയ ബ്രാൻറായ ഇസുസു മോട്ടോഴ്സ് ലിമിറ്റഡിൻറെ അനുബന്ധ സ്ഥാപനമായ ഇസുസു മോട്ടോഴ്സ് ഇന്ത്യ 2012 ഓഗസ്റ്റ് മുതലാണ് ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചത്. ചെന്നൈ കേന്ദ്രമായി പ്രവർത്തിക്കുന്ന കമ്പനിയുടെ ഉലപന്നങ്ങൾ നിർമ്മിക്കുന്നത് ആന്ധ്രപ്രദേശിലെ 107 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ശ്രീ സിറ്റിയിലെ അത്യാധുനിക പ്ലാൻറിലാണ്. രാജ്യത്തെ ആദ്യ ലൈഫ് സ്റ്റൈൽ, അഡ്വെഞ്ചർ പിക്ക് അപ്പ് വാഹനമായ ഇസുസു ഡി മാക്സ് വി ക്രോസ്, ആൾറൗണ്ടർ പിക്ക് ആപ്പ് ഹൈ ലാൻഡർ, വ്യക്തിഗത വാഹന വിഭാത്തിൽ പ്രീമിയം 7 സീറ്റർ എസ് യു വി എംയു എക്സ്, വാണിജ്യ വിഭാഗത്തിൽ ഡി മാക്സ് പിക്ക് അപ്പുകൾ തുടങ്ങിയ വാഹന പ്രേമികളുടെ നിരവധി ഇഷ്ട വാഹനങ്ങൾ ഇസുസു ഉൽപന്ന നിരയിലുണ്ട്.

## എസ്സിലോർ വിരാട് കോഹ്‌ലിയുമായി സഹകരിച്ച് വേരിലക്സ്ണ്ണ ക്യാംപെയ്ൻ ആരംഭിച്ചു



**ന്യൂഡൽഹി:** ആഗോളതലത്തിലെ പ്രമുഖ പ്രിസ്ക്രിപ്ഷൻ ലെൻസ് ബ്രാൻഡായ എസ്സിലോർണ്ണ ഇന്ത്യൻ ക്രിക്കറ്റ് ഇതിഹാസം വിരാട് കോഹ്‌ലിയുമായി സഹകരിച്ച് പുതിയ വേരിലക്സ്ക്യാംപെയ്ൻ ആരംഭിച്ചു. പ്രെസ്ബിയോപിയ ബാധിക്കാനിടയുള്ള 40 വയസ്സിനു മുകളിൽ പ്രായമുള്ളവരെ പ്രധാനമായും ലക്ഷ്യമിട്ട് നടത്തുന്ന ക്യാംപെയ്നിലൂടെ വേരിലക്സ് പ്രോഗ്രസീവ് ലെൻസുകൾ കൂടുതൽ ഉപഭോക്താക്കളിലെത്തിക്കാൻ കമ്പനി ലക്ഷ്യമിടുന്നു. വിരാട് കോഹ്‌ലിയെ വേരിലക്സ്പ്രോഗ്രസീവ് ലെൻസുകളുടെ വക്താവായി ഈ ക്യാംപെയ്ൻ അവതരിപ്പിക്കുന്നു,.

1959 ൽ ഫ്രാൻസിൽ ആരംഭിച്ച വേരിലക്സ്ആഗോളതലത്തിലെ ഏറ്റവും മികച്ച പ്രോഗ്രസീവ് ലെൻസ് ബ്രാൻഡാണ്.

വേരിലക്സ്ണ്ണ പ്രോഗ്രസീവ് ലെൻസുകൾ 8900 രൂപ മുതൽ വാങ്ങാം. ലെൻസ് ക്രാഫ്റ്റ്റേഴ്സിലും പ്രമുഖ ഒപ്റ്റിക്കൽ സ്റ്റോറുകളിലും ലഭിക്കും.

## ലോക ട്രോമ ദിനം: ആംബുലസ് ഡ്രൈവർമാരെ ആദരിച്ച് ആസ്റ്റർ മെഡ്സിറ്റിയും ആംബുലൻസ് ഉടമകളുടെ സംഘടനയും

**കൊച്ചി:** സംസ്ഥാനത്തുടനീളം നിസ്വാർഥ സേവനം നടത്തുന്ന ആംബുലൻസ് ഡ്രൈവർമാരെ ആദരിച്ച് കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റി ആശുപത്രിയും ആംബുലൻസ് ഓണേഴ്സ് ആൻഡ് ഡ്രൈവേഴ്സ് അസോസിയേഷനും (എ.ഒ.ഡി.എ). ലോക ട്രോമ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിൽ, വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിനിടെ അക്ഷീണം ആംബുലൻസ് സേവനം ലഭ്യമാക്കിയ ഡ്രൈവർമാരെ പ്രത്യേകം ആദരിച്ചു. ചാലക്കുടി എംഎൽഎ ശ്രീ. ടിജെ സനീഷ് കുമാർ ജോസഫ് പരിപാടി ഉദ്ഘാടനം ചെയ്തു. പത്ത് ജില്ലകളിൽ നിന്നുള്ള എ.ഒ.ഡി.എ പ്രതിനിധികൾ മെമെന്റോയും സർട്ടിഫിക്കറ്റുകളും ഏറ്റുവാങ്ങി.

ട്രോമ കെയർ, റോഡ് സുരക്ഷ എന്നീ വിഷയങ്ങളിൽ പ്രമുഖർ നയിച്ച ക്ളാസുകളും ശ്രദ്ധേയമായി. അങ്കമാലിയിലെ മോട്ടോർ വെഹിക്കിൽ ഇൻസ്പെക്ടർ സുൾഫിക്കർ സികെ റോഡ് സുരക്ഷയെക്കുറിച്ച് സംസാരിച്ചു. സുരക്ഷിതമായ ഡ്രൈവിംഗ് ശീലങ്ങൾ വളർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം ഊന്നിപ്പറഞ്ഞു. ആസ്റ്റർ മെഡ്സിറ്റി ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിലെ ഡോ. ജോൺസൻ കെ. വർഗീസ് അടിയന്തര സാഹചര്യങ്ങളിൽ മടികൂടാതെ ഇടപെട്ട് ജീവൻ രക്ഷിക്കുന്നതിനുള്ള 'ട്രോമ ബി ഫസ്റ്റ്' എന്ന വിഷയത്തിൽ



പ്രത്യേക സെഷന് നേതൃത്വം നൽകി.

ആലുവ ഡിവൈഎസ്പി രാജേഷ് ടി.ആർ, എ.ഒ.ഡി.എ സംസ്ഥാന പ്രസിഡന്റ് അനു സാമുവേൽ, ജനറൽ സെക്രട്ടറി ഷാജുദീൻ ചിറക്കൽ, സംസ്ഥാന ട്രെഷറർ ഷമീർ പട്ടാമ്പി, ആസ്റ്റർ മെഡ്സിറ്റിയിലെ സ്ട്രാറ്റജി ആൻഡ് പ്ലാനിങ് എ.ജി.എം ഡോ. ജവാദ് അഹമ്മദ്, റഫറൽ മാർക്കറ്റിംഗ് ഡെപ്യൂട്ടി മാനേജർ റഷീദ്, കേരള ക്ലസ്റ്റർ മേധാവി ദേവീകൃഷ്ണൻ ആർ എന്നിവർ പങ്കെടുത്ത് സംസാരിച്ചു. അടിസ്ഥാന ജീവൻരക്ഷാ ഉപായങ്ങളെക്കുറിച്ച് സൗജന്യ ശില്പശാലകൾ സംഘടിപ്പിക്കാൻ താല്പര്യമുള്ളവർക്ക് 8111998077 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.


